നം.കെ.എസ്.എ.പി.റ്റി.എ.പി7/1113/17 തീയതി. 07.10.2017

## പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 18-12-2016 മുതൽ 10-08-2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.08.2017 മുതൽ 22.08.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീമതി. സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. സൂര്യപ്രഭ. പി.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

### നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | എലിസബത്ത് മാത്യു | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. ബി. റഫീക്ക് | 01.04.2016 മുതൽ 31.03.2017 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2016-17
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2016-17
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2016-17

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1: പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | പദ്ധതി നിർവഹണ വിവരങ്ങൾ | 1-7 |
| 8 | തനത് വരുമാനം | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ക്ഷേമപദ്ധതികൾ | 1-10 |
| 11 | ജാഗ്രതാ സമിതികൾ- പ്രവർത്തനം അഭിനന്ദനീയം | 1-11 |
| 12 | പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടില്ല. | 1-12 |
| 13 | ദുരിതാശ്വാസ നിധി | 1-13 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-14 |
| 15 | ജനറൽ കമ്മറ്റി മിനിറ്റ്സ് ബുക്ക് പൂർത്തീകരിക്കുന്നതിൽ അലംഭാവം | 1-15 |

| | | |
|---|---|---|
| | ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 16 | രസീതുബുക്കുകൾ കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ | 2-1 |
| 17 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 2-2 |
| 18 | അൺ എയ്ഡഡ് സ്കൂളിലെ ജീവനക്കാരിൽ നിന്നും കുറഞ്ഞ നികുതി ഈടാക്കുന്നു | 2-3 |
| 19 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുകയോ ലൈസൻസ് എടുക്കുകയോ ചെയ്യുന്നില്ല | 2-4 |
| 20 | ഡി ആന്റ് ഒ ലൈസൻസ് - അപാകതകൾ | 2-5 |
| 21 | കടമുറികൾക്ക് വാടക കൂട്ടുന്നതിനനുസരിച്ച് ഡെപ്പോസിറ്റ് കൂട്ടി വാങ്ങുന്നില്ല | 2-6 |
| 22 | പരസ്യ നികുതി ഈടാക്കുന്നില്ല – വരുമാന നഷ്ടം | 2-7 |
| 23 | പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല | 2-8 |
| 24 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവർത്തികളുടെ ടെണ്ടർ ഫീസ് നാളിതുവരെ തിരികെ ലഭിച്ചില്ല | 2-9 |
| | ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 25 | ശമ്പളം/ക്ഷാമബത്ത കുടിശ്ശിക അധികം നൽകിയത് 37049/- രൂപ | 3-1 |
| 26 | വീട്ടുവാടകബത്ത അധികമായി അനുവദിച്ചു നൽകി | 3-2 |
| 27 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത് 8.41 ലക്ഷം രൂപ | 3-3 |
| 28 | ബജറ്റ് അലോക്കേഷൻ- വരവ് തുക ചെവഴിക്കുന്നതിൽ അലംഭാവം | 3-4 |
| 29 | സാംസ്കാരിക നിലയം അറ്റകുറ്റപ്പണി- സേവനനികുതി ഈടാക്കിയില്ല | 3-5 |
| 30 | വിവിധ പദ്ധതികൾക്കായി തനത് ഫണ്ടിൽ നിന്നും അധികമായി തുകകൾ പിൻവലിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു | 3-6 |
| 31 | ഓഫീസ് നവീകരണം - അംഗീകൃത പദ്ധതികളിൽ നിന്നും വ്യതിചലിച്ച് തുക ചെലവഴിക്കുന്നു | 3-7 |
| 32 | റോഡ് കോൺക്രീറ്റിംഗ് - നികുതി ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല | 3-8 |
| 33 | പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കപ്പെടുന്നില്ല | 3-9 |
| 34 | എസ്.സി. വിഭാഗത്തിലുള്ളവർക്ക് വാട്ടർ ടാങ്ക് നൽകൽ- ടെണ്ടർ നടപടിക്രമങ്ങളിലെ അപാകതകൾ | 3-10 |
| 35 | സൗജന്യമായി ലഭിച്ച 2.08 ഏക്കർ ഭൂമി ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല | 3-11 |

| | | |
|---|---|---|
| 36 | കുടിവെള്ള പദ്ധതി യാഥാർത്ഥ്യമായെങ്കിലും പൊതുടാപ്പുകൾ ഒഴിവാക്കിയില്ല ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ അധികബാദ്ധ്യത | 3-12 |
| 37 | എഗ്ഗർ നേഴ്സറികളുടെ ശേഷി രേഖപ്പെടുത്താത്തത് അഴിമതിക്കിടയാക്കുന്നു. | 3-13 |
| 38 | കുടുംബശ്രീ മിഷനിൽനിന്നും ലഭിച്ച കാർഷിക ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല | 3-14 |
| 39 | ടെക്നിക്കൽ അസിസ്റ്റന്റിന് ഓണറേറിയം - വികസനഫണ്ട് വകമാറ്റി ചെലവഴിച്ചു | 3-15 |
| 40 | ആശുപത്രിക്ക് മരുന്നു വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭിച്ചില്ല | 3-16 |
| 41 | പാലിയേറ്റീവ് കെയർ- പദ്ധതി വിഹിതത്തിൽ നിന്നും പിൻവലിച്ച തുക പൂർണ്ണമായി ചെലവഴിച്ചില്ല | 3-17 |
| 42 | അംഗൻവാടികളുടെ അടിസ്ഥാന സൗകര്യവികസനം വേണ്ടത്ര ശ്രദ്ധിക്കപ്പെടുന്നില്ല | 3-18 |
| 43 | ടി.എച്ച്.ആർ.എസ്. അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 3-19 |
| 44 | അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം പൂർണ്ണമായി ചെലവഴിക്കപ്പെടുന്നില്ല | 3-20 |
| 45 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- കരാറുകാരിൽ നിന്നും വാറ്റ് ഈടാക്കിയിട്ടില്ല | 3-21 |
| | ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 46 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 47 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 49 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം | 4-4 |
| 50 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 51 | ഓഡിറ്റ് റിക്കവറി | 4-6 |
| 52 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 53 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 54 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2016 -17 വർഷത്തെ ബജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച തീയതി | പഞ്ചായത്ത് കമ്മിറ്റി ബഡ്ജറ്റ് അംഗീകരിച്ച തീയതി | റിവൈസ്ഡ് ബഡ്ജറ്റ് അംഗീകരിച്ച തീയതി |
|---|---|---|---|
| 2016-17 | 29.02.2016 | 02.03.2016 | 07-10-2016 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 15682126 | 5906463 | -9775663 |
| വരവ് | 61247000 | 31922828 | -29324172 |
| ആകെ | 76929126 | 37829291 | -39099835 |
| ചെലവ് | 67009000 | 29047892 | -37961108 |
| നീക്കിയിരിപ്പ് | 9920126 | 8781399 | -1138727 |

അടുത്ത സാമ്പത്തികവർഷം സ്ഥാപനത്തിന് ലഭിക്കാനുള്ള വരവിനങ്ങളും പ്രതീക്ഷിത ചെലവുകളും സമഗ്രമായി അപഗ്രഥിച്ചുവേണം ബജറ്റിൽ പ്രതീക്ഷിത വരവ് ചെലവ് തുകകൾ കണക്കാക്കേണ്ടത്. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ ബജറ്റിൽ വിഭാവനം ചെയ്തിരുന്നതുപോലെ തനതു വരുമാനം ഭൂരിഭാഗം വരവിനങ്ങൾക്കും ആർജ്ജിക്കാൻ സ്ഥാപനത്തിന് സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം |
|---|---|---|---|
| വസ്തുനികുതി | 5000000 | 5119678 | (+)119678 |
| തൊഴിൽനികുതി | 1400000 | 899040 | -500960 |
| വാടക | 335000 | 500 | -334500 |
| പെർമിറ്റ് ഫീ | 500000 | 91824 | -408176 |
| വിനോദ നികുതി | 25000 | 0 | -25000 |
| സേവന ഉപനികുതി | 1250000 | 1274316 | 24316 |
| പരസ്യ നികുതി | 25000 | 0 | -25000 |
| മറ്റുള്ളവ | 980000 | 348362 | - 631638 |

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രീയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉണ്ടാകുന്നില്ല. കേരള ഗ്രാമപഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കേണ്ടതും എല്ലാ പ്രോജക്ടുകൾക്കും ബജറ്റിൽ തുക വകയിരുത്തേണ്ടതുമാണ്. പിരിച്ചെടുക്കാൻ സർക്കാർ അനുമതി നൽകിയിട്ടുള്ള പരസ്യ നികുതി ഉൾപ്പെടെയുള്ള മുഴുവൻ നികുതി ഇനങ്ങളും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയവ ഒന്നും തന്നെ പിരിച്ചെടുത്തിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2016 | 29.06.2016 |

## 1-3 വാർഷിക ധനകാര്യപത്രികയുടെ പരിശോധന

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി വിഹിതം (ജനറൽ) ഫണ്ടിൽ നിന്നും തൻവർഷം ആകെ 6297642 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിൽ ആകെ വരവ് 5362769 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വ്യത്യാസമായ 934873 രൂപ best panchayath award from state govt എന്നാണ് RP31- ൽ രേഖപ്പെടുത്തിയിരിക്കുന്നത്.

2. സഞ്ചയ- സാംഖ്യ ഇന്റഗ്രേഷൻ പൂർണ്ണമായിട്ടില്ല. വസ്തു നികുതി സംബന്ധിച്ച ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

3. തനത് വരുമാനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിലെല്ലാം ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ തയ്യാറാക്കി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി 39844 രൂപ B11(a) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് ഫൈനൽ ബിൽ തുകയാണ്. എന്നാൽ തുക ഇപ്പോഴും അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നതിനാൽ advance to implementing officer എന്ന ഹെഡിലാണ് ഉൾപ്പെടുത്തേണ്ടത്.

6. ഷെഡ്യൂൾ B18 ൽ temporary advance for official purpose ആയി 51849 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. തുക എന്ന് ആർക്ക് നൽകിയതാണെന്ന് വ്യക്തമല്ല. തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

7. ശുചിത്വ മിഷനിൽ നിന്നും ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനായി ലഭിച്ച 582475 രൂപ തനത് ഫണ്ടിൽ നിലനിൽക്കുന്നുണ്ട്. എന്നാൽ B4 പത്രികയിൽ 522969 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഒ.ഡി.എഫ് ഫണ്ട് ഉപയോഗിച്ച് വീട് അറ്റകുറ്റപ്പണിക്ക് തുക ചെലവഴിച്ചപ്പോൾ ബയോഗ്യാസ് പ്ലാന്റിന് ലഭിച്ച തുക കൂടി ചെലവഴിച്ചു.

8. മുൻ വർഷങ്ങളിലെ ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. അവ ശേഖരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം ഇപ്പോഴും പ്രാവർത്തികമാക്കിയിട്ടില്ല. ഭൂമിയുടെ മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 5906463 |
| വരവ് | 31922828 |
| ആകെ | 37829291 |
| ചെലവ് | 29047892 |
| നീക്കിബാക്കി | 8781399 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | *മുൻ ബാക്കി* | *വരവ്* | *ആകെ* | *ചെലവ്* | *ശതമാനം* |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 7430769 | 7430769 | 6297642 | 84.75 % |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 4167274 | 4167274 | 2253695 | 54.08% |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5729958 | 5729958 | 3338395 | 58.26% |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 15687 | 15687 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4967454 | 4967454 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2554755 | 2554755 | 1338509 | 52.39% |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1663633 | 1663633 | 0 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 104 | 52 | 8 | 44 | 50 |

## 1-7 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | ആകെ തുക | എണ്ണം | ചെലവ് തുക | ചെലവ് % |
| ഉല്പാദനം | 16 | 4110063 | | 1448021 | 35.23 |
| സേവനം | 52 | 19984992 | | 12583608 | 62.97 |
| പശ്ചാത്തലം | 36 | 12620571 | | 2484379 | 19.68 |

## 1-8 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 3919306 | 7364694 | 3445388 | (+) 87.9 |
| നികുതിയേതര വരവുകൾ | 1298423 | 989326.9 | 309096.1 | (-)23.8 |
| ആകെ | 5217729 | 8354020.9 | 3754484.1 | (+)71.95 |

മുൻവർഷത്തേക്കാൾ നികുതി ഇനത്തിലുണ്ടായ വരുമാനവർദ്ധനവ് ശ്ലാഘനീയമാണ്. നികുതിയേതര വരുമാനത്തിലുണ്ടായ കുറവ് ശ്രദ്ധയിൽപ്പെടുത്തുന്നു. ലൈസൻസ് ഫീസ് ഉൾപ്പെടെയുള്ള വരുമാന സ്രോതസ്സുകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തിയിട്ടില്ല. വസ്തുനികുതി കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.08.2017ൽ 10.10AM മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 17832 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 255 | 2293360 |
| വിധവാ പെൻഷൻ | 432 | 3900350 |
| വാർദ്ധക്യകാല പെൻഷൻ | 583 | 8962530 |
| വികലാംഗ പെൻഷൻ | 155 | 1629985 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ (>50) | 19 | 167200 |
| തൊഴിൽ രഹിത വേതനം | 19 | 31680 |

## 1-11 ജാഗ്രതാ സമിതികൾ- പ്രവർത്തനം അഭിനന്ദനീയം

സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരേ ഉണ്ടാകുന്ന അതിക്രമങ്ങൾ, സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം എന്നീ വിഷയങ്ങളിൽ ഇടപെട്ട് അവ പരിഹരിക്കാനും സമാനമായ പ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിലുള്ള സാമൂഹ്യസൃഷ്ടിക്കുവേണ്ടി പ്രാദേശിക സർക്കാർ തലത്തിൽ പ്രവർത്തിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പഞ്ചായത്ത് രൂപീകരിച്ച ജാഗ്രതാ സമിതികളുടെ പ്രവർത്തനം എടുത്തുപറയത്തക്കതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും ഐ.സി.ഡി.എസ് സൂപ്പർ വൈസർ കൺവീനറും, വനിതാ മെമ്പർ, വനിതാ അഭിഭാഷക, സി.ഡി.എസ് ചെയർ പേഴ്സൺ, സ്ഥലത്തെ സബ് ഇൻസ്പെക്ടർ, എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട സാമൂഹ്യ പ്രവർത്തക, ഇതേ വിഭാഗത്തിലെ വനിതാ മെമ്പർ, കൗൺസിലർ, ഡോക്ടർ എന്നിവർ പഞ്ചായത്ത് തല ജാഗ്രതാസമിതിയിൽ ഉൾപ്പെടുന്നുണ്ട്.

പഞ്ചായത്തിലെ ജാഗ്രതാസമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനകീയവും ആക്കിത്തീർക്കുന്നതിനായി ഓരോ വാർഡിലും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡ് തല ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ജാഗ്രതാസമിതി എടുക്കുന്ന തീരുമാനങ്ങൾ, ബോധന പരിപാടികൾ എന്നിവ ഫലപ്രദമായി ഈ സമിതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ താഴെ തലങ്ങളിലുള്ള ജനങ്ങൾക്ക് ജാഗ്രതാ സമിതിയുടേയും വനിതാ കമ്മീഷന്റേയും സേവനം ലഭിക്കുന്ന തരത്തിൽ പ്രവർത്തിക്കുകയെന്നതും ഇതിന്റെ പരമപ്രധാനമായ ലക്ഷ്യമാണ്. മേൽ വിവരിച്ച ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിൽ പഞ്ചായത്ത് വിജയം കൈവരിച്ചിട്ടുണ്ട്.

## 1-12 പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് 172.എ വകുപ്പ് അനുസരിച്ച് പഞ്ചായത്ത് ഭരണസമിതി അധികാരത്തിലെത്തി ചുരുങ്ങിയത് ആറുമാസത്തിനകം നിലവിലെ പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. പുതിയ ഭരണ സമിതി അധികാരത്തിൽ വന്ന് ഒരുവർഷം പിന്നിട്ടിട്ടും പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടില്ല. ആയതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 ദുരിതാശ്വാസ നിധി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനും അതിലേക്ക് ധനസമാഹരണം നടത്തുന്നതിനും അർഹരായവർക്ക് സഹായമെത്തിക്കുന്നതിനും ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 07-08-2017 | 05/2017 | റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 14-12-2001 മുതൽ 31-12-2001 വരെ | 1997-98 മുതൽ 1999-2000 വരെ | 26.03.2002 |

## 1-15 ജനറൽ കമ്മറ്റി മിനിറ്റ്സ് ബുക്ക് പൂർത്തീകരിക്കുന്നതിൽ അലംഭാവം

ജനറൽ കമ്മറ്റി മിനിറ്റ്സ് ബുക്ക് യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തി പ്രസിഡന്റ് സാക്ഷ്യപ്പെടുത്തുന്നില്ല. താഴെ പറയുന്ന തീയതികളിലെ തീരുമാനങ്ങൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

22.04.16, 05.08.16, 22.08.16,30.08.16, 28.09.16, 03.10.16, 25.10.16, 04.11.16, 21.11.16, 30.11.16, 22.12.16

22.12.16ൽ വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പല ടെണ്ടറുകളും അംഗീകരിച്ച തീരുമാനങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസിഡന്റ് സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ അതിന്റെ ആധികാരികത പരിശോധിക്കപ്പെടേണ്ടതാണ്.

കൂടാതെ പല ദിവസങ്ങളിലേയും മിനിറ്റ്സുകൾ അപൂർണ്ണവുമാണ്. പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഉദാ: 22.08.16 ലെ തീരുമാനം IV, 28.01.17 ലെ തീരുമാനം VII(3) – സെക്രട്ടറി, ജീവനക്കാർ എന്നിവരുടെ യാത്രാപ്പടി ബിൽ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പേജ്.നം 184 മുതൽ 206 വരെ ഒഴിച്ചിട്ടിരിക്കുന്നു.

മിനിറ്റ്സ് ബുക്ക് യഥാസമയം പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. ഇത്തരത്തിലുള്ള അപാകതകൾ ഭാവിയിൽ ഒഴിവാക്കപ്പെടേണ്ടതാണ്.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് ബുക്കുകൾ കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ

രസീത് ബുക്ക്, കളക്ഷൻ ജീവനക്കാർ/നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർക്ക് നൽകുന്നതിലും അവർ അത് ഉപയോഗിക്കുന്നതിലും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല. ആരുടെ പേരിലാണ് രസീത് ബുക്ക് നൽകുന്നതെന്ന വിവരവും രേഖപ്പെടുത്തുന്നില്ല.

2.നിർവ്വഹണ ഉദ്യോഗസ്ഥർ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കുന്നില്ല. രസീതിൽ പഞ്ചായത്തിന്റെ സീൽ, രസീത് എഴുതുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ്, തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല (ഉദാ.കൃഷി ഓഫീസർ).

3.മാസങ്ങളോളം രസീത് ബുക്കുകൾ ഉപയോഗിക്കാതെ ജീവനക്കാരുടെ കൈവശം സൂക്ഷിക്കുന്നു. ഉപയോഗിക്കാത്ത രസീത് ബുക്ക് കൈവശം ഉള്ള വ്യക്തിക്ക് തന്നെ വീണ്ടും രസീത് ബുക്കുകൾ നൽകുന്നു.

4.രസീത് ബുക്കുകൾ രേഖപ്പെടുത്തലുകളില്ലാതെ കൈമാറ്റം ചെയ്യുന്നു.

രസീത് ബുക്കുകൾ നിരുത്തരവാദപരമായി കൈകാര്യം ചെയ്യുന്നത് ഗുരുതരമായ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ സെക്രട്ടറിയും ഭരണസമിതിയും അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 2-2 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നംപർ | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
|---|---|---|---|
| 1 | ജില്ലാ കോ ഓപ്പറേറ്റീവ് ബാങ്ക്, തോട്ടഭാഗം | 1250 | |
| 2 | കോ ഓപ്പറേറ്റീവ് ബാങ്ക്, കവിയൂർ | 1250 | 1250 |
| 3 | മുത്തൂറ്റ് ഫിനാൻസ്, കവിയൂർ | 1250 | 1250 |
| 4 | മിനി മുത്തൂറ്റ് നിധി ലിമിറ്റഡ് | 1250 | 1250 |
| 5 | നീതി സ്റ്റോർ, കവിയൂർ | 1250 | 1250 |
| 6 | നീതി സ്റ്റോർ, പടിഞ്ഞാറ്റുംചേരി | 1250 | 1250 |

മേൽ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുവാനുള്ള സ്ഥാപന തൊഴിൽനികുതി കുടിശ്ശിക ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

## 2-3 അൺ എയ്ഡഡ് സ്കൂളിലെ ജീവനക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഈടാക്കുന്നു

ആർച്ച് ബിഷപ്പ് മാർ ഗ്രിഗോറിയസ് പബ്ളിക്ക് സ്കൂൾ കോട്ടൂർ, സെന്റ് സ്റ്റീഫൻസ് ഇംഗ്ളീഷ് മീഡിയം സ്കൂൾ മുണ്ടിയപ്പള്ളി, ശങ്കരമംഗലം പബ്ളിക്ക് സ്കൂൾ കവിയൂർ, നീലകണ്ഠം വിദ്യാപീഠം, കവിയൂർ എന്നീ സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളം വളരെ കുറവായാണ് സ്റ്റേറ്റ്മെന്റുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മിക്ക അധ്യാപകരുടേയും തൊഴിൽ നികുതി 300 രൂപയാണ്. ആയതിന്റെ നിജസ്ഥിതി പരിശോധിക്കപ്പെടേണ്ടതാണ്. അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വേതനം നൽകാത്തതിലൂടെ പഞ്ചായത്തിലേക്ക് ലഭിക്കേണ്ട നികുതിയിൽ കുറവ് വന്നതായി കാണുന്നു.

അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് കേന്ദ്ര സർക്കാരോ അതത് സംസ്ഥാന സർക്കാരുകളോ നൽകിവരുന്ന ശമ്പളവും അലവൻസുകളുമാണ് അംഗീകൃത സി.ബി.എസ്.ഇ സ്കൂളുകളിലെ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്കും നൽകേണ്ടതെന്ന് സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജ്യുക്കേഷന്റെ അഫിലിയേഷൻ ബൈലോയിലെ രണ്ടാം അദ്ധ്യായത്തിലെ II 3.3(1)(c) ഉപചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. സ്ഥിരം അഫിലിയേഷൻ ലഭിച്ചിട്ടുള്ള സി.ബി.എസ്.ഇ. സ്കൂളുകളിൽ താത്കാലിക അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കരുതെന്നും അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് കൺസോളിഡേറ്റഡ് 'പേ' നൽകരുതെന്നും, നിർദ്ദിഷ്ട ശമ്പള സ്കെയിൽ അനുവദിക്കണമെന്നും സ്ഥിരം അഫിലിയേഷൻ (ജനറൽ കണ്ടീഷൻസ്) ഉപചട്ടം II(c)(iii)(b) യിലും നിഷ്കർഷിച്ചിട്ടുണ്ട്. ഹൈക്കോടതി ഈ വിഷയത്തിൽ 14.09.2012ൽ 1042/2012-ാം നമ്പരായി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് 10,000രൂപയും, സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്ക് 15,000രൂപയും, സീനിയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്ക് 20,000രൂപയും മിനിമം പ്രതിമാസ വേതനമായി നിശ്ചയിച്ചു.

മേൽപറഞ്ഞ സ്കൂളുകളിലെ ജീവനക്കാരുടെ തൊഴിൽനികുതി സംബന്ധിച്ച അർദ്ധ വാർഷിക റിട്ടേണുകൾ പരിശോധിച്ചതിൽ, അദ്ധ്യാപകർക്ക് സി.ബി.എസ്.ഇ. യുടെ നിബന്ധനയോ ഹൈക്കോടതിയുടെ ഉത്തരവോ പ്രകാരമുള്ള ശമ്പളം നൽകുന്നില്ല എന്ന് വ്യക്തമാകുന്നു. ജീവനക്കാരുടെ തൊഴിൽനികുതി സ്വീകരിച്ച വേളയിൽ ഗ്രാമപഞ്ചായത്ത് ഈ വിവരം സ്കൂൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയില്ല. വരുമാന സ്റ്റേറ്റ്മെന്റുകളിലെ വിവരങ്ങൾ ശരിയാണോയെന്ന് ഉറപ്പുവരുത്തേണ്ടതും ഈ വിവരം സ്കൂൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.

## 2-4 റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുകയോ ലൈസൻസ് എടുക്കുകയോ ചെയ്യുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് പഞ്ചായത്ത് പരിധിയിൽ 13 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ല.

ഇവ ലൈസൻസ് എടുക്കാതിരിക്കുന്നതിലൂടെ ലൈസൻസ് ഫീസ് ഇനത്തിലും സ്ഥാപന തൊഴിൽനികുതിയിനത്തിലും പഞ്ചായത്തിന് പ്രതിവർഷം വലിയ തുകനഷ്ടപ്പെടുന്നു.ഈ റേഷൻകടകളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ ഭരണ സമിതിയുടെയും സെക്രട്ടറിയുടെയും ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്.

## 2-5 ഡി&ഒ ലൈസൻസ് അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങൾക്ക് 2016-17 സാമ്പത്തിക വർഷം ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ, താഴെ ചേർക്കുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1.ഡി&ഒ ലൈസൻസ് എടുക്കുന്നതിൽ ചട്ട പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല

2016-17 സാമ്പത്തികവർഷം ലൈസൻസ് എടുത്ത 187 സ്ഥാപനങ്ങളിൽ 7 എണ്ണം മാത്രമാണ് ചട്ടപ്രകാരമുള്ള സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 31.03.16 ന് മുമ്പായി ലൈസൻസ് എടുത്തിട്ടുള്ളത് 93 സ്ഥാപനങ്ങൾ മാത്രമാണ്. ഇതിൽ നിന്നും നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഭൂരിപക്ഷം സ്ഥാപനങ്ങളും 01.04.2016 മുതൽ ലൈസൻസ് എടുക്കുന്നത് വരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്.

2.ഡി&ഒ ലൈസൻസ് എടുക്കാതെ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടമെന്ന നിലയിൽ 617 കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ 2016-17 സാമ്പത്തിക വർഷം 187 വ്യാപാര സ്ഥാപനങ്ങൾ മാത്രമാണ് ഗ്രാമപഞ്ചായത്തിൽ നിന്ന് ഡി ആന്റ് ഓ ലൈസൻസ് എടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളെ പൂർണ്ണമായി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുവാൻ കഴിഞ്ഞിട്ടില്ല എന്നതാണ് ഇത് സൂചിപ്പിക്കുന്നത്. ഗ്രാമപഞ്ചായത്ത് ഓഫീസിൽ ട്രേഡേഴ്സ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എത്ര വ്യാപാര സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമല്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232,233 വകുപ്പുകളും 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളും പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെ യാതൊരു വ്യാപാര വ്യവസായ സ്ഥാപനവും പ്രവർത്തിക്കുവാൻ പാടില്ലാത്തതാണ്. ഇത്തരത്തിൽ അനധികൃതമായി പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ സ്റ്റോപ്പ് മെമ്മോ നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും എല്ലാ വ്യാപാര വ്യവസായ സ്ഥാപനങ്ങളേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതുമാണ്.

3.അപേക്ഷകളിൽ ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7 പ്രകാരം, ഒരു ദിവസത്തെ വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ പട്ടിക II-ൽ നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് സ്ഥാപനത്തിന്റെ ലൈസൻസ് ഫീ ഈടാക്കേണ്ടത്.എന്നാൽ ഭൂരിപക്ഷം അപേക്ഷകളിലും ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല. സ്ഥാപനങ്ങൾക്ക് മുൻ വർഷം ഈടാക്കിയ തുക തന്നെ ലൈസൻസ് ഫീസായി തുടർന്നും ഈടാക്കിപ്പോരുകയാണ് ചെയ്യുന്നത്. ഇതു കാരണം ലൈസൻസ് ഫീസ് ഇനത്തിൽ വൻ തുകയുടെ കുറവുണ്ടാകുന്നു. വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നത് കാരണം ഗ്രാമപഞ്ചായത്തിന് വരവിനത്തിൽ നഷ്ടം സംഭവിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|
| 1 | സെക്രട്ടറി, കെ യു സി എസ്, പാൽ സംഭരണം കവിയൂർ | 200 |
| 2 | ഹോളോബ്രിക്സ് നിർമാണം, സുനി ഷിബി, തേക്കുംമൂട്ടിൽ, തോട്ടഭാഗം | 100 |
| 3 | പ്രിന്റിംഗ് പ്രസ്, സുനിൽ ബാബു, ലതാ നിവാസ്, തോട്ടഭാഗം | 300 |
| 4 | സെക്രട്ടറി, നീതി കൺസ്യൂമർ സാധനങ്ങൾ വിൽപന | 200 |

| | | |
|---|---|---|
| 5 | ഐസ്ക്രീം മൊത്തവ്യാപാരം, ജയചന്ദ്രൻ നായർ, ജയവിഹാർ, കവിയൂർ | 300 |
| 6 | സെക്രട്ടറി, കെ യു സി എസ്, പാൽ സംഭരണം, കോട്ടൂർ | 100 |
| 7 | ഹോളോബ്രിക്സ് നിർമാണം, വർഗ്ഗീസ് ചാക്കോ, കോണ്ടൂർ, കവിയൂർ. | 200 |
| 8 | എൽ പി ജി സ്റ്റോക്കും വിതരണവും,<br>ഡോ അരുൺ മനോഹർ, ഹരി മുരളി, കവിയൂർ | 500 |

പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ദിവസേനയുള്ള വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ പട്ടിക II-ൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 കട മുറികൾക്ക് വർഷം തോറും വാടക വർദ്ധിപ്പിക്കുന്നതിന് അനുസൃതമായി ഡെപ്പോസിറ്റ് തുക കൂട്ടിവാങ്ങുന്നില്ല

പഞ്ചായത്തിന്റെ വിവിധ ഷോപ്പിംഗ് കോംപ്ളക്സുകളിലെ കടമുറികളുടെ വാടക വർദ്ധിപ്പിക്കുന്നതിന് പുനർലേല നടപടികൾ സ്വീകരിച്ചിട്ടില്ല. വളരെ തുച്ഛമായ വാടകയാണ് ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾക്ക് ഈടാക്കുന്നത്. വർഷം തോറും വാടക തുകയുടെ 5 ശതമാനം വീതം വർദ്ധിപ്പിച്ച നൽകി നേരത്തെയുള്ള വാടകക്കാർ തന്നെ തുടരുകയാണ് ചെയ്യുന്നത്. അതുപോലെ തന്നെ കടമുറികൾ ലേലത്തിലൂടെ വാടകയ്ക്ക് നൽകിയ വർഷം മാത്രം ഡെപ്പോസിറ്റ് തുക ഈടാക്കിയതല്ലാതെ തുടർന്ന് ഓരോ വർഷവും ആനുപാതികമായി ഡെപ്പോസിറ്റ് തുകയിൽ വർദ്ധനവ് വരുത്തുന്നില്ല. തോട്ടഭാഗം ഷോപ്പിംഗ് കോംപ്ലക്സ്, കവിയൂർ ഷോപ്പിംഗ് കോംപ്ലക്സ്, എന്നിവിടങ്ങളിലായി 25 കടമുറികൾ വാടകക്ക് നൽകിയിട്ടുണ്ട്. മേൽ കടമുറികളുടെ വാടക വർദ്ധിപ്പിക്കുന്നതിന് പുനർലേല നടപടികൾ സ്വീകരിക്കേണ്ടതും ആയതിന് ആനുപാതികമായി ഡെപ്പോസിറ്റ് തുകയിൽ വർദ്ധനവ് വരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-7 പരസ്യ നികുതി ഈടാക്കുന്നില്ല – വരുമാന നഷ്ടം

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പരസ്യ നികുതി ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. ഗ്രാമപഞ്ചായത്തിൽ പരസ്യനികുതി ഏർപ്പെടുത്തുന്നതിനായി ബൈലോ പാസ്സാക്കുന്നതിന് നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. പരസ്യ നികുതി ചുമത്തുമ്പോൾ ഈടാക്കാവുന്ന കുറഞ്ഞ നിരക്ക് ജി.ഒ.(പി) നം.128/02/ത.സ്വ.ഭ.വ., തീ.25.07.2002 (എസ്.ആർ.ഒ നമ്പർ 654/02) പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. മാതൃകാ ബൈലോ പഞ്ചായത്ത് ഡയറക്ടറുടെ 18.5.2005-ലെ സി 5-15253/04 ഉത്തരവിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സെക്ഷൻ 209(ഡി) പ്രകാരം പരസ്യ നികുതി പിരിക്കുന്നതിനുള്ള അവകാശം, ബൈലോയ്ക്ക് അംഗീകാരം വാങ്ങിയിട്ടുള്ള ഗ്രാമപ്പഞ്ചായത്തുകൾക്ക് സ്വന്തമായി ഓരോ വർഷവും കുത്തകയ്ക്ക് നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങി, പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-8 പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം ചട്ടം നിലവിൽ വന്ന് ആറ് മാസത്തിനകം, ഗ്രാമ പഞ്ചായത്ത് മേൽ ചട്ടം സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നു. മേൽ ചട്ടപ്രകാരം പ്ലാസ്റ്റിക് ക്യാരീബാഗുകളുടെ കുറഞ്ഞ കനം 40 മൈക്രോണിൽ നിന്ന് 50 മൈക്രോണായി ഉയർത്തിയിട്ടുണ്ട്. നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരീബാഗുകളിലും, മൾട്ടി ലെയർ പാക്കേജുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരോട് പിഴ ഈടാക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പ്ലാസ്റ്റിക് ക്യരീബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ വഴിവാണിഭക്കാർ തുടങ്ങിയവർ ഗ്രാമപഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4,000 രൂപ നിരക്കിൽ കുറഞ്ഞത് 48,000 രൂപ പ്ലാസ്റ്റിക് മാലിന്യ ഫീസിനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുമുണ്ട്. പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ

(ഡി.സി)വകുപ്പിന്റെ 24.09.2016-ലെ 576/ഡി.സി.1/16/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം മാലിന്യ ഫീസ് ഈടാക്കി വ്യാപാരികളും തെരുവ് കച്ചവടക്കാരും രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം /ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇതിൻമേൽ ഗ്രാമപഞ്ചായത്ത് നടപടികൾ ഒന്നും ഓഡിറ്റ് വർഷം സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് പരാമർശത്തിൻമേൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-9 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് നാളിതു വരെ തിരികെ ലഭിച്ചില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുക നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി)3/2015/ഫിൻ തീ.5/1/15 പ്രകാരം 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില അടങ്കൽ തുകയുടെ 0.2% കുറഞ്ഞത് 500രൂപ എന്ന് നിശ്ചയിച്ചിരുന്നു. 5% വാറ്റ് ഉൾപ്പടെ കണക്കാക്കി വേണം ആകെ ടെണ്ടർ ഫീസ് വാങ്ങേണ്ടത്. എന്നാൽ 2016-17 വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജ.നം. | അടങ്കൽ തുക | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫീസ്(0.2%) | വാറ്റ് | ആകെ തുക |
|---|---|---|---|---|---|---|
| 1 | 24/17 | 619050 | 2 | 2600 | 140 | 2740 |
| 2 | 43/17 | 354795 | 3 | 1420 | 72 | 1492 |
| 3 | 44/17 | 354785 | 1 | 800 | 40 | 840 |
| 4 | 46/17 | 354785 | 2 | 1420 | 72 | 1492 |
| 5 | 49/17 | 400000 | 2 | 1600 | 80 | 1680 |
| 6 | 50/17 | 354785 | 2 | 1600 | 80 | 1680 |
| 7 | 52/17 | 354785 | 1 | 800 | 40 | 840 |
| 8 | 54/17 | 200000 | 2 | 800 | 40 | 840 |
| 9 | 57/17 | 354785 | 2 | 1420 | 72 | 1492 |
| 10 | 59/17 | 354785 | 1 | 800 | 40 | 840 |
| 11 | 61/17 | 354785 | 1 | 800 | 40 | 840 |
| 12 | 62/17 | 375000 | 2 | 1500 | 80 | 1580 |
| 13 | 63/17 | 354785 | 1 | 800 | 40 | 840 |
| 14 | 80/17 | 354785 | 3 | 2130 | 108 | 2238 |
| 15 | 82/17 | 1215000 | 3 | 7500 | 390 | 7890 |
| 16 | 90/17 | 600000 | 2 | 2400 | 120 | 2520 |
| 17 | 97/17 | 753553 | 2 | 3200 | 160 | 3360 |
| 18 | 99/17 | 300000 | 2 | 1200 | 60 | 1260 |
| 19 | 101/17 | 200000 | 2 | 1000 | 60 | 1060 |
| 20 | 122/17 | 902390 | 2 | 3600 | 190 | 3790 |
| | ആകെ | | | 37390 | 1924 | 39314 |

അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിൽ നിന്നും ലഭ്യമായ വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മുൻ വർഷങ്ങളിലേത് ഉൾപ്പെടെ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക തിരികെ വാങ്ങാൻ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടുമില്ല. തുക തിരികെ വാങ്ങി ടെണ്ടർ ഫീസ് തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ ഒടുക്കേണ്ടതും വാറ്റ് ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കേണ്ടതുമാണ് .

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ശമ്പളം/ക്ഷാമബത്ത കുടിശ്ശിക- അധികം നൽകിയത് 33403 രൂപ

ഗ്രാമപഞ്ചായത്തിലെ ഹെഡ്ക്ലാർക്ക് ആയിരുന്ന ശ്രീ.കെ ഉണ്ണികൃഷ്ണന്റെ ശമ്പള നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കണമെന്ന അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശത്തെ തുടർന്ന് സെക്രട്ടറിയുടെ 21/12/2016ലെ സി4/4069/15 നമ്പർ ഉത്തരവ് പ്രകാരം അപാകതകൾ പരിഹരിച്ച് ശമ്പളം പുതുക്കി നിശ്ചയിച്ചിരുന്നു. പുനർനിർണ്ണയിച്ച ശമ്പളത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിജപ്പെടുത്തിയിരുന്ന ശമ്പളം | | പുനർ നിർണ്ണയിച്ച ശമ്പളം | |
|---|---|---|---|
| തീയതി | തുക | തീയതി | തുക |
| 1/1/2005 | 7480 | 01/09/04 | 7320(ശമ്പള പരിഷ്കരണം) |
| 1/1/2006 | 7650 | 01/09/05 | 7480 |
| 1/1/2007 | 7820 | 01/09/06 | 7650 |
| 1/1/2008 | 7990 | 01/09/07 | 7820 |
| 1/1/2009 | 8190 | 01/09/08 | 7990 |
| 1/1/2010 | 15380 | 01/09/09 | 14980(ശമ്പള പരിഷ്കരണം) |
| 26/7/10 | 15780 | 26/7/10 | 15380(ഹെഡ്ക്ലാർക്ക്) |
| 1/1/11 | 16580 | 01/09/2010 | 16180(ഓപ്ഷൻ ബി) |
| 1/1/12 | 16980 | 01/09/11 | 16580 |
| 1/1/13 | 17420 | 01/09/12 | 16980 |
| 1/1/14 | 17860 | 01/09/13 | 17420 |
| 01/07/2014 | 35700 | 01/07/2014 | 34800(ശമ്പളപരിഷ്കരണം) |
| 01/01/2015 | 36600 | 01/09/2014 | 35700 |
| 01/01/2016 | 37500 | 01/09/2015 | 36600 |

എന്നാൽ ടേർമിനൽ സറണ്ടർ, ശമ്പള/ ഡി.എ കുടിശ്ശിക എന്നീയിനങ്ങളിൽ അധികം നൽകിയ തുക ശമ്പളം പുനർനിർണ്ണയിച്ചതിന്റെ അടിസ്ഥാനത്തിൽ തിരികെ ഈടാക്കിയില്ല. മാത്രമല്ല പുനർനിർണ്ണയിച്ച ശമ്പളത്തിന്റെ അടിസ്ഥാനത്തിലല്ല ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള കുടിശിക നൽകിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

എ) ഗ്രേഡ് അനുവദിച്ചതിനെ തുടർന്ന് ശമ്പള കുടിശ്ശിക നൽകിയത്- ക്രമീകരിക്കാനുള്ളത് 1.29 ലക്ഷം രൂപ

ടിയാന്റെ മിലിട്ടറി സർവ്വീസ് പരിഗണിച്ച്, സേവനത്തിൽ പ്രവേശിച്ച 15/12/1999 പ്രാബല്യത്തിൽ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 25/1/16 ലെ ഇ3/5891/15 നമ്പർ ഉത്തരവ് പ്രകാരം സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചിരുന്നു. ഇതനുസരിച്ച് 15/12/99 മുതൽ 31/1/16 വരെയുള്ള ശമ്പള/ഡി.എ കുടിശ്ശിക ഇനത്തിൽ 147838/- രൂപ 2016 മാർച്ച് മാസത്തിലെ 21500761 നമ്പർ വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ടിയാൻ കവിയൂർ ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ പ്രവേശിച്ചത് 2/2/15ന് മാത്രമാണ്. മറ്റ് ഗ്രാമപഞ്ചായത്തുകളിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിലെ കുടിശ്ശിക ഇനത്തിൽ 129566/-രൂപ(15/12/1999 മുതൽ 1/1/15വരെയുള്ള കാലയളവ്) ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ചു. എന്നാൽ ഈ തുക നാളിതുവരെ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും തിരികെ വാങ്ങി ക്രമീകരിച്ചിട്ടില്ല. ഈ തുക അടിയന്തിരമായി തിരികെ വാങ്ങേണ്ടതും രേഖകൾ സഹിതം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച 129566/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി) ഗ്രേഡ് അനുവദിച്ചതിനെ തുടർന്ന് ശമ്പള കുടിശ്ശിക അനുവദിച്ചത്- അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല

മിലിട്ടറി സർവ്വീസിന്റെ അടിസ്ഥാനത്തിൽ 15/12/99 പ്രാബല്യത്തിൽ സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുകയും 15/12/99 മുതൽ 31/1/16 വരെയുള്ള ശമ്പള/ഡി.എ കുടിശ്ശിക ഇനത്തിൽ 147838/- രൂപ അനുവദിക്കുകയും ചെയ്തിരുന്നു(3/2016). എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശത്തെ തുടർന്ന് ശമ്പള നിർണ്ണയത്തിലെ അപാകത പരിഹരിച്ച് 12/16-ൽ ശമ്പളം പുനർ നിർണ്ണയിച്ചുവെങ്കിലും ശമ്പള/ഡി.എ ഇനങ്ങളിൽ അധികമായി നൽകിയ തുക ഡ്യൂ-ഡ്രോൺ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി തിരികെ ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| കാലയളവ് | അർഹമായത് | | അനുവദിച്ചത് | | അധികം നൽകിയത് | | | |
|---|---|---|---|---|---|---|---|---|
| | ശമ്പളം | ഡി.എ | ശമ്പളം | ഡി.എ | ശമ്പളം | ഡി.എ | ആകെ | റിമാർക്സ് (ഡി.എ. %) |
| 9/2004 | 7320 | 366 | 4190 | 2682 | (-)3130 | 2316 | (-)814 | 5% |
| 10/2004 | 7320 | 366 | 4190 | 2682 | (-)3130 | 2316 | (-)814 | 5% |
| 11/2004 | 7320 | 366 | 4190 | 2682 | (-)3130 | 2316 | (-)814 | 5% |
| 12/2004 | 7320 | 366 | 4190 | 2682 | (-)3130 | 2316 | (-)814 | 5% |
| 1/2005-6/2005 | 7320x6= 43920 | 586x6= 3516 | 7480x6= 44880 | 598x6= 3588 | 960 | 72 | 1032 | 8% |
| surrender, 4/2005 (20days) | 4880 | 390 | 4987 | 399 | 107 | 9 | 116 | 8% |
| 7/05-12/05 | 7320x2= 14640 7480x4= 29920 | 1757 3590 | 7480x6= 44880 | 898x6= 5388 | 320 | 41 | 361 | 12% |
| 1/06-6/06 | 7480x6= 44880 | 1122x6= 6732 | 7650x6= 45900 | 1148x6= 6888 | 1020 | 156 | 1176 | 15% |
| surrender, 4/2006 (30days) | 7480 | 1122 | 7650 | 1148 | 170 | 26 | 196 | 15% |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7/06-12/06 | 7480x2=<br>14960<br>7650x4<br>=30600 | 1496x2=<br>2992<br>1530x4=<br>6120 | 7650x6=<br>45900 | 1530x6=<br>9180 | 340 | 68 | 408 | 20% |
| 1/07-6/07 | 7650x6=<br>45900 | 1989x6=<br>11934 | 7820x6=<br>46920 | 2033x6=<br>12198 | 1020 | 264 | 1284 | 26% |
| 7/07-12/07 | 7650x2=<br>15300<br>7820x4=<br>31280 | 2448x2=<br>4896<br>2502x4=<br>10008 | 7820x6=<br>46920 | 2502x6=<br>15012 | 340 | 108 | 448 | 32% |
| 8/2007(സറണ്ടർ) | 7650 | 2448 | 7820 | 2502 | 170 | 54 | 224 | 32% |
| 1/08-6/08 | 7820x6=<br>46920 | 2972x6=<br>17832 | 7990x6=<br>47940 | 3036x6=<br>18216 | 1020 | 384 | 1404 | 38% |
| 7/08-12/08 | 7820x2=<br>15640<br>7990x4=<br>31960 | 3519x2=<br>7038<br>3596x4=<br>14384 | 7990x6=<br>47940 | 3596x6=<br>21576 | 340 | 154 | 494 | 45% |
| സറണ്ടർ, 8/08 | 7820 | 3519 | 7990 | 3596 | 170 | 77 | 247 | 45% |
| 1/09-6/09 | 7990x6=<br>47940 | 4395x6=<br>26370 | 8190x6=<br>49140 | 4505x6=<br>27030 | 1200 | 660 | 1860 | 55% |
| സറണ്ടർ, 4/09 | 7990 | 4395 | 8190 | 4505 | 200 | 110 | 310 | 55% |
| 7/09-12/09 | 7990x2=<br>15980<br>14980x4=59920 | 5114x2=<br>10228 | 8190x6=<br>49140 | 5242x6=<br>31452 | (-)26760 | 21224 | (-)5536 | 64% |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1/10-6/10 | 14980x6=89880 | 1198x6=<br>7198 | 15380x6=<br>92280 | 1230x6=<br>7380 | 2400 | 182 | 2582 | 8% |
| 1/7/10-25/7/10 | 12081 | 2175 | 12403 | 2233 | 322 | 58 | 380 | 18% |
| 26/7/10-31/7/10 | 2977 | 536 | 3054 | 550 | 77 | 14 | 91 | 18% |
| 8/10-12/10 | 15380x1=15380<br>16180x4=64720 | 2768x1=<br>2768<br>2912x4=<br>11648 | 15780x5=78900 | 2840x5=<br>14200 | (-) 1200 | (-) 216 | (-) 1416 | 18% |
| സറണ്ടർ 9/2010<br>1/11-6/11 | 16180<br>16180x6=97080 | 2912<br>3883x6=<br>23298 | 15780<br>16580x6=99480 | 2840<br>3979x6=<br>23874 | (-) 400<br>2400 | (1) 72<br>576 | (-) 472<br>2976 | 24% |
| സറണ്ടർ, 5/11 | 16180 | 3883 | 16580 | 3979 | 400 | 96 | 496 | 24% |
| 7/11-12/11 | 16180x2=32360<br>16580x4=66320 | 5016x2=<br>10032<br>5140x4=20560 | 16580x6=99480 | 5140x6=30840 | 800 | 248 | 1048 | 31% |
| 1/12-6/12 | 16580x6=99480 | 6300x6=<br>37800 | 16980x6=101880 | 6452x6=<br>38712 | 2400 | 912 | 3312 | 38% |
| 7/12-12/12 | 16580x2=33160<br>16980x4=67920 | 7461x2=14922<br>7641x4=<br>30564 | 16980x6=101880 | 7641x6=45846 | 800 | 360 | 1160 | 45% |
| 1/13-6/13<br>03/2013 | 16980x5=84900<br>16980 | 8999x5=<br>44995<br>8999 | 17420x5=87110<br>16580 | 9233x5=46165<br>8787 | 2200<br>(-) 400 | 1170<br>(-) 212 | 3370<br>(-) 612 | 53% |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| സറണ്ടർ, 4/13 | 16980 | 8999 | 17420 | 9233 | 440 | 234 | 674 | 53% |
| 7/13-12/13 | 16980x2=33960<br>17420x4=69680 | 10697x2=21394<br>10975x4=43900 | 17420x6=104520 | 10975x6=65850 | 880 | 556 | 1436 | 63% |
| 1/14-6/14 | 17420x6=104520 | 12717x6=76302 | 17860x6=107160 | 13038x6=78228 | 2640 | 1926 | 4566 | 73% |
| സറണ്ടർ, 4/14 | 17420 | 12717 | 17860 | 13038 | 440 | 321 | 761 | 73% |
| | | | | | | ആകെ | 21120 | |

അധികം നൽകിയ 21120/- രൂപ തിരികെ ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്

സി) ടെർമിനൽ സറണ്ടർ

31/05/2016ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. ഉണ്ണികൃഷ്ണന് 137 ദിവസത്തെ ടെർമിനൽ സറണ്ടർ ഇനത്തിൽ 192000 രൂപ നൽകിയിട്ടുണ്ട് (1/6/2016-ലെ 21600120 നമ്പർ വൗച്ചർ പ്രകാരം) അവസാന ശമ്പളം 37500 എന്ന് കണക്കാക്കിയാണ് സറണ്ടർ അനുവദിച്ചത്. എന്നാൽ അർഹമായ ശമ്പളം 36600/ രൂപ മാത്രമാണ്.

| | അനുവദിച്ചത് | അർഹമായത് | അധികം |
|---|---|---|---|
| അടിസ്ഥാന ശമ്പളം | 37500 | 36600 | 900 |
| ഒരു ദിവസത്തെ ശമ്പളം | 37500/30=1250 | 36600/30= 1220 | 30 |
| ഒരു ദിവസത്തെ ക്ഷാമബത്ത | 1250x9%=113 | 1220x9%= 110 | 3 |
| ഒരു ദിവസത്തെ വീട്ടുവാടക ബത്ത | 1250/30= 42 | 1250/30= 42 | 0 |
| ആകെ | 1405 | 1372 | 33 |
| 137 ദിവസത്തെ ടെർമിനൽ സറണ്ടർ | 137x1405=192485 | 137x1372= 187964/ | 4521 |

4521/- രൂപ ടെർമിനൽ സറണ്ടർ ഇനത്തിൽ അധികം നൽകിയിട്ടുണ്ട്. തുക തിരികെ ഈടാക്കേണ്ടതും രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

ഡി) 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം പരിഷ്കരിച്ച ശമ്പളം

1/2/2016 മുതൽ 31/05/2016 വരെ ശമ്പളം/ഡി.എ ഇനത്തിൽ അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| കാലയളവ് | അർഹമായത് | | അനുവദിച്ചത് | | അധികം | | |
|---|---|---|---|---|---|---|---|
| | അടിസ്ഥാന ശമ്പളം | ഡി.എ(9%) | അടിസ്ഥാന ശമ്പളം | ഡി.എ(9%) | അടിസ്ഥാന ശമ്പളം | ഡി.എ | ആകെ |

| | | | | | | | |
|---|---|---|---|---|---|---|---|
| 2/16 | 36600 | 3294 | 37500 | 3375 | 900 | 81 | 981 |
| 3/16 | 36600 | 3294 | 37500 | 3375 | 900 | 81 | 981 |
| 4/16 | 36600 | 3294 | 37500 | 3375 | 900 | 81 | 981 |
| 5/16 | 36600 | 3294 | 37500 | 3375 | 900 | 81 | 981 |
| | | | | | | ആകെ | 3924 |

അധികം നൽകിയ 3924/- രൂപ തിരികെ ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഇ) ശമ്പളം പുനർ നിർണ്ണയിച്ചത് കണക്കാക്കാതെ ശമ്പള പരിഷ്കരണ കുടിശ്ശിക നൽകി

ശ്രീ.കെ ഉണ്ണികൃഷ്ണന്റെ ശമ്പള നിർണ്ണയത്തിലെ ആപാകത പരിഹരിച്ച് ശമ്പളം പുനർനിർണ്ണയിച്ചെങ്കിലും ആയതിന്റെ അടിസ്ഥാനത്തിലല്ല 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള കുടിശ്ശിക നൽകിയിരിക്കുന്നത്. അധികം കണക്കാക്കിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| കാലയളവ് | അർഹമായത് | | അനുവദിച്ചത് | | അധികം | | |
|---|---|---|---|---|---|---|---|
| | അടിസ്ഥാന ശമ്പളം | ഡി.എ | അടിസ്ഥാന ശമ്പളം | ഡി.എ | അടിസ്ഥാന ശമ്പളം | ഡി.എ | ആകെ |
| 7/14 | 34800 | | 35700 | | 900 | | 900 |
| 8/14 | 34800 | | 35700 | | 900 | | 900 |
| 9/14-12/14 (അപാകതയില്ല) | 35700 | | 35700 | | - | | |
| 1/15 | 35700 | 1071 | 36600 | 1098 | 900 | 27 | 927 |
| 2/15 | 35700 | 1071 | 36600 | 1098 | 900 | 27 | 927 |
| 3/15 | 35700 | 1071 | 36600 | 1098 | 900 | 27 | 927 |
| 4/15 | 35700 | 1071 | 36600 | 1098 | 900 | 27 | 927 |
| 5/15 | 35700 | 1071 | 36600 | 1098 | 900 | 27 | 927 |
| 6/15 | 35700 | 1071 | 36600 | 1098 | 900 | 27 | 927 |
| 7/15 | 35700 | 2142 | 36600 | 2196 | 900 | 54 | 954 |
| 8/15 | 35700 | 2142 | 36600 | 2196 | 900 | 54 | 954 |
| 9/15-12/15 (അപാകതയില്ല) | 36600 | 2142 | 36600 | 2196 | - | | - |
| 1/16 | 36600 | 3294 | 37500 | 3375 | 900 | 81 | 981 |
| സറണ്ടർ 4/2015 | 35700 | 1071 | 36600 | 1098 | 900 | 27 | 927 |
| ആകെ | 499800 | 17217 | 510600 | 17649 | 10800 | 378 | 11178 |

7/2014 മുതൽ 1/2016 വരെയുള്ള ആകെ ശമ്പള പരിഷ്കരണ കുടിശ്ശിക ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ഡ്യൂ-ഡ്രോൺ സ്റ്റേറ്റ്മെന്റ് പ്രകാരം 72662/ രൂപയാണ്. എന്നാൽ അർഹമായ കുടിശ്ശിക 61484/- രൂപ മാത്രമാണ് (72662-11178=61484). ശമ്പള പരിഷ്കരണ കുടിശ്ശിക നാലു ഗഡുക്കളായി നൽകണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആദ്യഗഡുവായി 18166/-രൂപയും 1/4/17 വരെയുള്ള പലിശ 6782/- രൂപയും (72662x8%x14/12) ചേർത്ത് 24948/ രൂപ 4/17 -ൽ നൽകിയിട്ടുണ്ട് (ചെക്ക് നം-4166/11.4.16). എന്നാൽ അർഹമായത് ആദ്യഗഡു 15371 രൂപയും പലിശ 5739 രൂപയും ഉൾപ്പെടെ 21110 രൂപ മാത്രമാണ്. അധികം നൽകിയത് 3838 രൂപ. ആയതിനാൽ പുനർ നിർണ്ണയിച്ച ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക കണക്കാക്കേണ്ടതും നാളിതുവരെ അധികം നൽകിയ തുക നൽകാനുള്ള ശമ്പള പരിഷ്കരണ കുടിശ്ശികയിൽ ക്രമീകരിച്ച് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

ശമ്പള/ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിലുണ്ടായ അപാകത ഭരണതലത്തിൽ തുടർനടപടികൾ

സ്വീകരിക്കുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 വീട്ടുവാടകബത്ത അധികമായി അനുവദിച്ച് നൽകി

2009 ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം 01-02-2011 മുതലാണ് പുതിയ നിരക്കിലുള്ള വീട്ടുവാടകബത്തക്ക് അർഹതയുള്ളത്. എന്നാൽ ആയതിന് വിരുദ്ധമായി ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ആയിരുന്ന ശ്രീമതി. ജി.എസ് ശാലിനിയ്ക്ക് 06-05-2010 മുതൽ 31-01-2011 വരെയുള്ള കാലയളവിൽ പുതിയ നിരക്കിലുള്ള വീട്ടുവാടകബത്ത അനുവദിച്ച് നൽകി (വൗച്ചർ നം-21600104/24/5/16). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കാലയളവ് | അടിസ്ഥാന ശമ്പളം | നൽകിയ എച്ച്.ആർ.എ | അർഹമായ എച്ച്.ആർ.എ | അധികമായി അനുവദിച്ചത് |
|---|---|---|---|---|
| 05/2010 | 8337 | 210 | 125 | 85 |
| 06/2010 | 9940 | 250 | 150 | 100 |
| 07/2010 | 9940 | 250 | 150 | 100 |
| 08/2010 | 9940 | 250 | 150 | 100 |
| 09/2010 | 9940 | 250 | 150 | 100 |
| 10/2010 | 9940 | 250 | 150 | 100 |
| 11/2010 | 9940 | 250 | 0(LWA) | 250 |
| 12/2010 | | | LWA | |
| 10/01/2011 to 31/1/11 | 9940 | 250 | 106 | 144 |
| | | ആകെ | | 979/- |

അധികമായി അനുവദിച്ച 979/ രൂപ തിരികെ ഈടാക്കേണ്ടതും രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 3-3 ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത്- 8.41 ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിന്റെ 2016-17വാർഷിക പദ്ധതിയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി നടപ്പിലാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതിമാർഗ്ഗരേഖ പ്രകാരം (സ.ഉ(എം.എസ്)4/16/ത.സ്വ.ഭ.വ-തീ11/1/16ഖ-12(6)) അനുവദനീയമല്ലാത്ത പ്രോജക്ടുകൾക്കായി 841351/ രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമായി. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ മെച്ചപ്പെട്ട രീതിയിൽ നിറവേറ്റുന്നതിന് ധനസഹായം ലഭ്യമാക്കുക എന്നതാണ് 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് കൊണ്ട് ലക്ഷ്യമിടുന്നത്. ചുവടെ പറയുന്ന അടിസ്ഥാന സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും വേണ്ടി മാത്രമായിരിക്കണം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിക്കേണ്ടത്.

1) കുടിവെള്ള വിതരണം

2)ശുചിത്വം

3)മലിന ജല നിർഗ്ഗമന സംവിധാനം, ഖരമാലിന്യ പരിപാലനം

4)സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, പരിപാലനം

5)ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ സംരക്ഷണം, പരിപാലനം

6)ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡിനിരുവശവുമുള്ള നടപ്പാതകൾ, സ്ട്രീറ്റ് ലൈറ്റുകൾ

7) ശ്മശാനങ്ങൾ സ്ഥാപിക്കൽ

ഓരോ വർഷവും ഒരു അടിസ്ഥാന മേഖലയ്ക്ക് മുൻഗണന നൽകി അതിനുവേണ്ടി കൂടുതൽ തുക വകയിരുത്തി ആ മേഖലയിലെ ആവശ്യങ്ങൾ പൂർണ്ണമായി പരിഹരിക്കുന്നതിനാണ് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ സർക്കാർ നിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ച് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ വിശദാംശം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | കന്നുകുട്ടി പരിപാലനം, 27/17 | 156250 | 156250 |
| 2 | ദേശീയ രോഗ പ്രതിരോധ പ്രവർത്തന ശാക്തീകരണം, 76/17 | 50000 | 34000 |
| 3 | ഭവന പുനരുദ്ധാരണം, 38/17 | 350000 | 350000 |
| 4 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ, | 120000 | 107765 |
| 5 | അങ്കണവാടികൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ, 30/17 | 250000 | 193336 |
| | ആകെ | | 841351 |

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് പെയ്ന്റിംഗ്, വയോജന സൗഹൃദ ബ്ലോക്ക് നിർമ്മാണം, അങ്കണ വാടി നിർമ്മാണം തുടങ്ങി നിരവധി മരാമത്ത് പ്രവൃത്തികൾക്കായി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയിട്ടുമുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത് തുടർനടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-4 ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക ചെലവഴിക്കുന്നതിൽ അലംഭാവം, നഷ്ടമാകുന്നത് 1.33. കോടി രൂപ

2016-17 സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണത്തിനായി ഗ്രാമപ്പഞ്ചായത്തിന് ലഭിച്ച 26529530 രൂപയിൽ ചെലവഴിച്ചത് 13228241രൂപ മാത്രമാണ്. അതായത് ലഭ്യമായ തുകയുടെ 49.86% മാത്രം. ലഭ്യമായ തുകയുടെ വിവിധ ഫണ്ട് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | 2016-17 വർഷത്തെ ബജറ്റ് അലോക്കേഷൻ | 2016-17 വർഷത്തെ ചെലവ് | നീക്കിയിരുപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 7430769 | 6297642 | 1133127 | 84.75% |
| വികസന ഫണ്ട്- എസ്.സി.പി | 5729958 | 3338395 | 2391563 | 58.26% |
| വികസന ഫണ്ട്- റ്റി.എസ്.പി | 15687 | 0 | 15687 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4167274 | 2253695 | 1913579 | 54% |
| ലോകബാങ്ക് സഹായം | 1663633 | 0 | 1663633 | 0 |
| സംരക്ഷണ ഗ്രാന്റ് -റോഡ് | 4967454 | 0 | 4967454 | 0 |
| സംരക്ഷണ ഗ്രാന്റ് -റോഡിതരം | 2554755 | 1338509 | 1216246 | 52.39% |
| ആകെ | 26529530 | 13228241 | 13301289 | 49.86% |

ലഭ്യമായ തുകയുടെ 50 ശതമാനത്തിൽ താഴെ മാത്രമാണ് തൻവർഷം ചെലവഴിച്ചിരിക്കുന്നത്. 19-09-2015 ലെ ജി.ഒ (പി) നം - 419/2015/ഫിൻ നമ്പർ ഉത്തരവ് പ്രകാരം ആകെ അനുവദിക്കുന്ന അലോട്ട്മെന്റിൽ നിന്നും പ്രോജക്റ്റുകൾക്കായി ചെലവഴിക്കാതെ നീക്കിയിരുപ്പുണ്ടാകുന്ന തുക നഷ്ടമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. ലോകബാങ്ക് സഹായം, റോഡ് സംരക്ഷണ ഗ്രാന്റ് എന്നീ ഫണ്ടുകളിൽ നിന്നും യാതൊരു തുകയും ചെലവഴിച്ചിട്ടില്ല എന്നതിൽ നിന്നും പദ്ധതി നിർവ്വഹണത്തിലെ അലംഭാവം പ്രകടമാണ്. ഓരോ പ്രോജക്റ്റിലും വകയിരുത്തുന്ന തുക ഉപയോഗിച്ച് പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തീകരിക്കുന്നതിനായി ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 സാംസ്കാരിക നിലയം അറ്റകുറ്റപ്പണി -സേവന നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ 4-ാം വാർഡിലെ സാംസ്കാരിക നിലയം അറ്റകുറ്റപ്പണിക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 244835 രൂപ (ബിൽ നം.) പിൻവലിച്ചിട്ടുണ്ട്. സേവന നികുതി ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. തുക ആവശ്യപ്പെട്ട റിക്വസിഷനിലും സർവ്വീസ് ടാക്സ് (10.50%) ആയി 25708 രൂപ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക പിൻവലിച്ചിട്ടില്ല. സേവന നികുതി ഒടുക്കാത്തതിൻ മേൽ വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/19.08.17) മറുപടി ഹാജരാക്കിയില്ല. സേവന നികുതി ഒടുക്ക വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 വിവിധ പദ്ധതികൾക്കായി തനത് ഫണ്ടിൽ നിന്നും അധികമായി തുകകൾ പിൻവലിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

2013-14 സാമ്പത്തികവർഷം പൂർത്തീകരിച്ച താഴെ പറയുന്ന പ്രോജക്ടുകൾക്കായി തനത് ഫണ്ടിൽ നിന്നും വകയിരുത്തിയ 139387 രൂപ പിൻവലിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. (ചെക്ക് നം. 4156/31.3.2017). എന്നാൽ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. നിലവിൽ ഈ അക്കൗണ്ടിൽ 31282/- രൂപ ബാലൻസ് നിലനിൽക്കുന്നു.

1) അങ്കണവാടി നമ്പർ 122 അറ്റകുറ്റപ്പണി(പ്രോ.നം.18/17)

(കരാറുകാരൻ- അനൂപ് കുമാർ)

2013-14 സാമ്പത്തികവർഷത്തെ അംഗീകൃത പദ്ധതി പ്രകാരം റോഡ് മെയിന്റനൻസ് ഗ്രാന്റ്, തനത് ഫണ്ട് ഇനങ്ങളിൽ യഥാക്രമം 200000/-, 9068/- രൂപ വകയിരുത്തി തയ്യാറാക്കിയ പദ്ധതിയായിരുന്നു ഇത്. 2013-14 സാമ്പത്തിക വർഷം പൂർത്തീകരിച്ച ടി പദ്ധതിയ്ക്കായി പ്രസ്തുത വർഷം 200000 രൂപ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. എം ബുക്ക് പ്രകാരം ആകെ മൂല്യം 209646 രൂപയായിരുന്നു. 2016-17 ൽ ഈ പദ്ധതിക്കായി 27581 രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. 9068 രൂപ പിൻവലിക്കേണ്ടതിനു പകരമാണ് 27581തനത് ഫണ്ടിൽ നിന്നും പിൻവലിച്ചിരിക്കുന്നത്. കരാറുകാരന് നൽകേണ്ടിയിരുന്ന 9068 രൂപ അക്കൗണ്ടിൽ നിന്നും പിൻവലിച്ച് നൽകിയിട്ടുണ്ട്. ബാലൻസ് 18513 രൂപ അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു. അധികമായി പിൻവലിച്ച 18513 രൂപ തിരികെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

2) കുളമ്പാട്ട് കുളം, മണ്ണിൽ ഉമ്പ്, പോളച്ചിറ എന്നീ എസ്.സി റോഡുകളുടെ വികസനം

(പ്രോ നം.19/17, കരാറുകാരൻ- ജോൺ.സി. തോമസ്)

2013-14 സാമ്പത്തിക വർഷം പൂർത്തീകരിച്ച ടി പദ്ധതിയ്ക്കായി പ്രസ്തുത വർഷം 925318 രൂപ എസ്.സി.പി ഫണ്ടിൽ നിന്നും പിൻവലിച്ചിരുന്നു. എം ബുക്ക് പ്രകാരം ആകെ മൂല്യം 996695 രൂപയായിരുന്നു. 2016-17 ൽ ഈ പദ്ധതിക്കായി 71377 രൂപ (996695-925318=71377) പിൻവലിക്കേണ്ടിയിരുന്നതിന് പകരം 72162 രൂപ പിൻവലിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. നികുതി കഴിച്ച് കരാറുകാരന് നൽകേണ്ടിയിരുന്ന 67094 രൂപ (ചെക്ക് നം. 7276/29.5.2014) മേൽ അക്കൗണ്ടിൽ നിന്നും പിൻവലിച്ച് നൽകിയിട്ടുണ്ട്. നികുതികൾ (വാറ്റ് (5%)- 2855, ആദായനികുതി-714/- നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം - 714/-) ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല. തനത് ഫണ്ടിൽ നിന്നും അധികമായി പിൻവലിച്ച 785രൂപ (72162-71373) പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ തിരികെ ഒടുക്കേണ്ടതും നികുതികൾ ബന്ധപ്പെട്ട വകുപ്പിൽ ഒടുക്ക വരുത്തി ചെലാൻ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

3) 3,10, 11വാർഡുകളിലെ റോഡുകളുടെ പുനരുദ്ധാരണം (20/17)

ഈ പ്രവൃത്തിക്കായി 39844 രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും തുക ഇതേ വരെയും ചെലവഴിച്ചിട്ടില്ല. അനുബന്ധ ഫയൽ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ലാത്തതിനാൽ അർഹമായ തുക തന്നെയാണോ പിൻവലിച്ചതെന്ന് വ്യക്തമല്ല.

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിൽ ആരംഭിച്ച അക്കൗണ്ടിൽ (നം.5759) 09.06.15 ൽ നീക്കിയിരുപ്പുള്ള 15830 രൂപ എത് പദ്ധതിക്കായി പിൻവലിച്ചിരുന്ന തുകയാണെന്ന് വ്യക്തമല്ല. മേൽ രേഖപ്പെടുത്തിയിട്ടുള്ള ബാലൻസ് തുകകൾ ഉൾപ്പെടെ നിലവിൽ ഈ അക്കൗണ്ടിൽ 81282രൂപ ബാലൻസ് നിലനിൽക്കുന്നു. മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/19.08.17) മറുപടി ഹാജരാക്കിയിട്ടില്ല. തുകകൾ ക്രമീകരിക്കേണ്ടതും നികുതികൾ ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്ക വരുത്തേണ്ടതുമാണ്.

## 3-7 ഓഫീസ് നവീകരണം (പ്രോ.നം.17/17) -അംഗീകൃത പദ്ധതിയിൽ നിന്നും വ്യതിചലിച്ച് തുക ചെലവഴിച്ചിരിക്കുന്നു

ഓഫീസ് നവീകരണം എന്ന പ്രോജക്ടിനായി ബിൽ നം. 1/27.11.16 പ്രകാരം 934873 രൂപ പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം മികച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനമായി തെരഞ്ഞെടുക്കപ്പെട്ടതിന് ലഭിച്ച പ്രോത്സാഹന ധനസഹായം തുകയാണ് വകയിരുത്തിയത്. എന്നാൽ പദ്ധതി വിഹിതത്തിൽ നിന്നുമാണ് തുക ചെലവഴിച്ചിരിക്കുന്നത്. പ്രോത്സാഹന ധനസഹായം ആയി ലഭിച്ച തുകകൾ യഥാസമയം ചെലവഴിക്കാത്തത് കാരണം നഷ്ടപ്പെട്ടു. ലഭ്യമല്ലാത്ത തുകകൾ ഉൾപ്പെടുത്തി പ്രോജക്ടുകൾ തയ്യാറാക്കുന്ന നടപടി വരും വർഷങ്ങളിൽ ഒഴിവാക്കേണ്ടതാണ്.

## 3-8 തോട്ടഭാഗം കടവിൽ റോഡ് അരത്തിമാമൂട്ടിൽ റോഡ് കോൺക്രീറ്റിംഗ് (പ്രോ.നം.62/17)- നികുതി ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

പഞ്ചായത്തിലെ 9-ാം വാർഡിലെ തോട്ടഭാഗം കടവിൽ റോഡ് അരത്തിമാമൂട്ടിൽ റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിക്കായി തനത് ഫണ്ടിൽ നിന്നും ചെക്ക് നം. 4068/25.03.17 പ്രകാരം 278424 രൂപ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ പിൻവലിച്ചിട്ടുണ്ട്. നികുതി കഴിച്ചുള്ള 261719 രൂപ കരാറുകാരൻ കെ.എം ജോസഫിന് നൽകിയിട്ടുണ്ട്. നികുതി (16705രൂപ) ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല. നികുതി കോമ്പൗണ്ട് ചെയ്തതിന്റെ രേഖകൾ ഫയലിനോടൊപ്പം സമർപ്പിച്ചിരുന്നില്ല. രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/19.08.17) മറുപടിയും ലഭ്യമാക്കിയില്ല. നികുതി കോമ്പൗണ്ട് ചെയ്തതിന്റെ രേഖകൾ, ബന്ധപ്പെട്ട വകുപ്പുകളിൽ നികുതികൾ ഒടുക്കിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 16705രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കപ്പെടുന്നില്ല

ഓഡിറ്റ് വർഷം പഞ്ചായത്തുമായി കരാർ വെച്ച് പ്രവൃത്തി ഏറ്റെടുത്ത വിവിധ മരാമത്ത് പ്രവൃത്തികൾ ഓഡിറ്റ് നടത്തുന്ന സമയത്തും പ്രവൃത്തി ആരംഭിച്ചിട്ടില്ല. പ്രവൃത്തി യഥാസമയം ഏറ്റെടുക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാർക്കെതിരെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധം യാതൊരു നടപടികളും അധികൃതർ സ്വീകരിച്ചിട്ടില്ല. ഇക്കാരണത്താൽ റോഡ് സംരക്ഷണ ഗ്രാന്റ്, ലോകബാങ്ക് സഹായം എന്നിവ വകയിരുത്തി ആവിഷ്കരിച്ച പ്രവൃത്തികളൊന്നും തന്നെ തൻവർഷം നടപ്പിലാക്കിയില്ല.

| ഫണ്ടിന്റെ വിവരം | അംഗീകാരം ലഭിച്ച പദ്ധതികളുടെ വിവരം | | തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിവരം | |
|---|---|---|---|---|
| | എണ്ണം | വകയിരുത്തിയ തുക | എണ്ണം | ചെലവഴിച്ച തുക |
| പദ്ധതി വിഹിതം ജനറൽ | 6 | 1979147 | 1 | 84926 |
| പദ്ധതി വിഹിതം എസ്.സി.പി | 3 | 1815000 | 1 | 148280 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7 | 2077750 | 1 | 244635 |
| ലോകബാങ്ക് സഹായം | 3 | 2237207 | 0 | 0 |
| തനത് ഫണ്ട് | 11 | 1382852 | 8 | 880694 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1 | 316809 | 0 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1 | 500000 | 0 | 0 |

| | | | | |
|---|---|---|---|---|
| റോഡ് മെയിന്റനൻസ് ഗ്രാന്റ് | 14 | 4967454 | 0 | 0 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 7 | 1914000 | 1 | 88934 |
| മറ്റുള്ളവ | 1 | 1250000 | 1 | 934875 |
| | 54-4(ഫണ്ട് സംയുക്തം)=50 | 18440219 | 13 | 2382544 |

മരാമത്ത് പ്രവൃത്തികൾക്കായി ആകെ വകയിരുത്തിയ തുകയുടെ 12.9% മാത്രമാണ് തൻവർഷം ചെലവഴിച്ചത്. തുക ചെലവഴിച്ച 13 പദ്ധതികളിൽ 8 എണ്ണവും തനത് ഫണ്ട് വകയിരുത്തിയ പദ്ധതികളാണ്. അതെല്ലാം തന്നെ 2015-16 ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. ഫൈനൽ തുക പിൻവലിക്കുക മാത്രമാണ് തൻവർഷം ചെയ്തിരിക്കുന്നത്. തൻവർഷം 37 പുതിയ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ കരാർ രജിസ്റ്ററിൽ 25 പദ്ധതികൾക്ക് മാത്രമേ കരാർ ചമച്ചതായി രേഖപ്പെടുത്തിയിട്ടുള്ളൂ. 13.02.2017 ന ശേഷമാണ് കരാർ ചമച്ചിരിക്കുന്നത്. ഏറ്റെടുക്കുന്ന മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമാണ്. മുടങ്ങികിടന്നിരുന്ന 17 പ്രവൃത്തികൾ ഇപ്പോൾ നടന്നുവരുന്നതായി അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 എസ്.സി വിഭാഗത്തിലുള്ളവർക്ക് വാട്ടർ ടാങ്ക് നൽകൽ -ടെണ്ടർ നടപടിക്രമങ്ങളിലെ അപാകതകൾ

പ്രോജക്ട് നം. 69/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

എസ്.സി വിഭാഗത്തിലുള്ളവർക്ക് വാട്ടർ ടാങ്ക് നൽകൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തൻവർഷം 100 പേർക്ക് വാട്ടർ ടാങ്ക് നൽകിയതിന് ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചു. 'Selzers Polymers' എന്ന സ്ഥാപനത്തിനാണ് തുക അനുവദിച്ചിരിക്കുന്നത്. (കാഷ് ബിൽ തീ. 24.03.17, 29.03.17)

| ഫണ്ട് | തുക | ബിൽ നം/ചെക്ക് നം |
|---|---|---|
| വികസന ഫണ്ട്@1125 | 112500 | ബിൽ നം.18/31.03.17 |
| ഗുണഭോക്തൃ വിഹിതം@375 | 37500 | ചെക്ക് നം.4148/31.03.17 |
| | 150000 (100 @1500) | |

അനുബന്ധ ഫയൽ പരിശോധിച്ചതിൽ ടെണ്ടർ, റീടെണ്ടർ, ക്വട്ടേഷൻ എന്നീ നടപടിക്രമങ്ങൾക്ക് ശേഷമാണ് വാങ്ങൽ നടത്തിയതെന്ന് കണ്ടു. 28.11.2016 തീയതിയിലെ ടെണ്ടറിൽ കേളചന്ദ്ര പോളിമേഴ്സ് എന്ന സ്ഥാപനം 500 ലിറ്റർ വാട്ടർ ടാങ്കിന് (അരുവി ബ്രാന്റ്) 1474 രൂപയാണ് ക്വോട്ട് ചെയ്തിരുന്നത്. എന്നാൽ ISI അല്ല എന്ന കാരണത്താൽ ആ ടെണ്ടർ നിരസിച്ചതായും റീടെണ്ടറിൽ ആരും പങ്കെടുത്തിരുന്നില്ല എന്നും ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പിന്നീട് ക്വട്ടേഷനിൽ (24.02.17) ISI അല്ലാത്ത കൂടിയ നിരക്കിലുള്ള selzers polymersവാട്ടർ ടാങ്ക് @1500 ആണ് വാങ്ങിയിരിക്കുന്നത്. കുറഞ്ഞ ടെണ്ടർ ഒഴിവാക്കിയത് കാരണം 2600 രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ തിരികെ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-11 സൗജന്യമായി ലഭിച്ച 2.08 ഏക്കർ ഭൂമി ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല

എഞ്ചിനീയറിംഗ് കോളേജ് നിർമ്മിക്കുന്നതിനായി കവിയൂർ, മുണ്ടിയപ്പള്ളി, തെങ്ങുംന്താനത്ത് അന്നമ്മയും ആഞ്ഞിലിമൂട്ടിൽ ചാണ്ടി മകൻ ഫിലിപ്പ് എന്നയാളും ഐ.എച്ച്.ആർ.ഡി ഡയറക്ടറുടെ പേരിൽ 2 ഏക്കറോളം ഭൂമി സൗജന്യമായി 2002-ൽ നൽകിയിരുന്നു. എന്നാൽ ആധാരങ്ങളിൽ 'പട്ടിക വസ്തു നികത്തി കെട്ടിടം വച്ച് ടി ആവശ്യത്തിനു ഉപയോഗിക്കാതെയിരുന്നാൽ ടി വസ്തുക്കൾ കവിയൂർ ഗ്രാമ പഞ്ചായത്തിന്റെ പേരിൽ ആധാരം എഴുതി പ്രതിഫലം കൈപ്പറ്റാതെ രജിസ്റ്റർ ചെയ്തു നൽകണം' എന്ന വ്യവസ്ഥ ചെയ്തിരുന്നു. എഞ്ചിനീയറിംഗ് കോളേജ് എന്ന ഐ.എച്ച്.ആർ.ഡി യുടെ പദ്ധതി നടപ്പായില്ല. സ്ഥലത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| ബ്ലോക്ക് നമ്പർ | സർവ്വെ നമ്പർ | ഭൂമിയുടെ അളവ് (ആർ ) |
|---|---|---|
| 14 | 115/7 | 23.2 |
| 14 | 114/1 | 18.3 |
| 14 | 114/6 | 25.3 |
| | 114/2 | 18 |
| ആകെ | | 84.8 (209.456 സെന്റ് ) |

പത്തനംതിട്ട ജില്ലാ കളക്ടറുടെ 19.09.2014 ലെ സി3.6121/14 നം കത്ത് പ്രകാരം കവിയൂർ ഗ്രാമ പഞ്ചായത്തിന്റെ പേരിലേക്ക് സ്ഥലം എഴുതിയ ആധാരം ഹാജരാക്കിയാൽ ടി സ്ഥലങ്ങൾ പഞ്ചായത്തിന്റെ പേരിലേക്ക് പോക്കു വരവു ചെയ്തു നൽകാമെന്ന് അറിയിച്ചിരുന്നു. നിലവിൽ കവിയൂർ വില്ലേജിലെ 15239 ാം തണ്ടപ്പേരു പ്രകാരം ഐ.എച്ച്.ആർ.ഡി ഡയറക്ടറുടെ പേരിലാണ് ഈ സ്ഥലങ്ങൾ കിടക്കുന്നത്. 07.01.2014 ലെ ഐ.എച്ച്.ആർ.ഡി ഡയറക്ടറുടെ CN/159/2002/HRD കത്ത് പ്രകാരം, ഗവേണിംഗ് ബോഡിയുടെ അംഗീകാരം ലഭിച്ചതിനാൽ ഈ സ്ഥലം ഗ്രാമ പഞ്ചായത്തിനു വിട്ടു നൽകാൻ ഉത്തരവായിരുന്നു. എന്നാൽ ആധാരം ഗ്രാമ പഞ്ചായത്തിന്റെ പേരിൽ ഐ.എച്ച്.ആർ.ഡി നാളിതു വരെ രജിസ്റ്റർ ചെയ്തിട്ടില്ല. രജിസ്ട്രേഷൻ ഫീ അടയ്ക്കാൻ ഐ.എച്ച്.ആർ.ഡി തയ്യാറാകുന്നില്ല എന്ന വിവരമാണ് ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ചത്. എം.ജി യൂണിവേഴ്സിറ്റിയുടെ കീഴിൽ സ്വാശ്രയ സ്ഥാപനം കവിയൂരിൽ ആരംഭിക്കുന്നതിനായി 20 വർഷത്തേയ്ക്ക് സ്ഥലം കൈമാറുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു. എന്നാൽ സ്വാശ്രയ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ നിന്നും എം.ജി യൂണിവേഴ്സിറ്റി പിൻമാറിയതിനാൽ ഇതും നടന്നിട്ടില്ല. ഇക്കാര്യം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി സ്ഥലം ഗ്രാമപഞ്ചായത്തിന്റ പേരിലേയ്ക്ക് മാറ്റുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകിരിക്കുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

## 3-12 കുടിവെള്ള പദ്ധതി യാഥാർത്ഥ്യമായെങ്കിലും പൊതുടാപ്പുകൾ ഒഴിവാക്കിയില്ല; ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ അധിക ബാധ്യത

ലക്ഷങ്ങൾ ചെലവഴിച്ച് കവിയൂർ- കുന്നന്താനം കുടിവെള്ള പദ്ധതി യാഥാർത്ഥ്യമായെങ്കിലും പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിലുള്ള പ്രതിവർഷ ചെലവ് 918750 രൂപയാണ്. 175 പൊതുടാപ്പുകൾക്കായി പ്രതിമാസം 76563 രൂപ വെള്ളക്കരം അടയ്ക്കുന്നു. വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചതനുസരിച്ച് കവിയൂർ- കുന്നന്താനം കുടിവെള്ള പദ്ധതിയിൻ കീഴിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ താഴെപ്പറയുന്ന കണക്ഷനുകൾ നൽകിയിട്ടുണ്ട്.

| | |
|---|---|
| ഗാർഹിക കണക്ഷൻ | 2731 |
| ഗാർഹികേതരം | 109 |
| സ്പെഷ്യൽ | 1 |
| ഇൻഡസ്ട്രിയൽ | 1 |

ഇത്രയും കണക്ഷനുകൾ നൽകിയിട്ടും പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കാൻ ഗ്രാമപഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. മിക്ക പൊതുടാപ്പുകളും പ്രവർത്തനക്ഷമമല്ലെന്ന് വാർഡ് മെമ്പർമാർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ചിട്ടുമുണ്ട്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനായി കത്ത് നൽകിയെങ്കിലും ആയതിൻമേൽ തുടർ നടപടികളുണ്ടായിട്ടില്ല.ഗാർഹിക കണക്ഷൻ എടുക്കുന്നവർക്ക് സബ്സിഡി അനുവദിക്കുന്ന പ്രോജക്ട് വർഷങ്ങളായി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിവരുന്നു. എന്നാൽ ഇതനുസരിച്ച് പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കണമെന്ന്

സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടും ആയത് പാലിക്കാതിരുന്നത് മൂലം ലക്ഷങ്ങളുടെ അധിക ബാധ്യതയാണ് ഗ്രാമപഞ്ചായത്തിനുണ്ടാകുന്നത്. ആയതിനാൽ മേൽ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-13 എഗ്ഗർ നേഴ്സറികളുടെ ശേഷി രേഖപ്പെടുത്താത്തത് അഴിമതിക്കിടയാക്കുന്നു.

മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടറുടെ 8/8/16ലെ എച്ച്2-22102/16 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്ന എഗ്ഗർ നഴ്സറികളുടേയും അംഗീകാരം പുതുക്കി നൽകിയിട്ടുണ്ട്. എന്നാൽ അംഗീകാരം പുതുക്കി നൽകികൊണ്ടുള്ള പത്തനംതിട്ട ജില്ല മൃഗസംരക്ഷണ ഓഫീസറുടെ നടപടിക്രമം പരിശോധിച്ചതിൽ മേൽ ഉത്തരവുകളിൽ എഗ്ഗർ നേഴ്സറികളിൽ എത്ര കോഴിക്കുഞ്ഞുങ്ങളെ ഒരേ സമയം വളർത്തുവാൻ കഴിയും എന്നത് രേഖപ്പെടുത്തുന്നില്ല എന്ന കാര്യം വ്യക്തമായി. ഇതുമൂലം ഗുണ നിലവാരമില്ലാത്ത കോഴിക്കുഞ്ഞുങ്ങളെ അന്യ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങി വിതരണം ചെയ്യാമെന്ന സാധ്യത നിലനിൽക്കുന്നു.

ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയുടെ ഭാഗമായി ഉത്പാദന മേഖലയിൽ ഏറ്റെടുക്കുന്ന പ്രധാന പ്രോജക്ടുകളിൽ ഒന്നാണ് മുട്ടക്കോഴി വളർത്തൽ. ലക്ഷക്കണക്കിന് രൂപയാണ് അംഗീകൃത എഗ്ഗർ നേഴ്സറികൾ മുഖേനയുള്ള വാങ്ങലിനായി ഗ്രാമപഞ്ചായത്തുകൾ ഓരോ വർഷവും ചെലവഴിക്കുന്നത്. എന്നാൽ ആയതിനനുസൃതമായ വളർച്ച ഈ മേഖലയിൽ ഉണ്ടാകുന്നുമില്ല. അംഗീകാരം പുതുക്കി നൽകുന്ന ഉത്തരവിൽ എഗ്ഗർ നേഴ്സറികളുടെ ശേഷി രേഖപ്പെടുത്താത്തത് മൂലം നഴ്സറികളിൽ വളർത്തി യഥാസമയം വാക്സിനേഷൻ നൽകിയ കോഴിക്കുഞ്ഞുങ്ങളെയാണോ എഗ്ഗർ നേഴ്സറികൾ നൽകുന്നതെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. അന്യ സംസ്ഥാനങ്ങളിൽ നിന്നും കുറഞ്ഞ വിലയ്ക്ക് വാങ്ങുന്ന കോഴിക്കുഞ്ഞുങ്ങൾ പ്രതിരോധ മരുന്നുകൾ പോലും നൽകാതെ നേരെ ഗുണഭോക്താക്കളിലേക്കെത്താനുള്ള സാധ്യത നിലനിൽക്കുന്നു. ഇങ്ങനെയുള്ള കോഴിക്കുഞ്ഞുങ്ങളിൽ നല്ലൊരു ഭാഗവും ദിവസങ്ങൾക്കകം ചത്തു പോവുകയാണ്. ആയിരക്കണക്കിന് കോഴിക്കുഞ്ഞുങ്ങളെയാണ് എഗ്ഗർ നേഴ്സറികൾ ഒരുസമയം സപ്ലൈ ചെയ്യുന്നത്. അംഗീകാരം പുതുക്കി നൽകുന്ന ഉത്തരവിൽ വളർത്താവുന്ന കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം രേഖപ്പെടുത്താത്തതിനാൽ ഈ രീതിയിലുള്ള പരിശോധനയും സാധ്യമാകുന്നില്ല. 2016-17 വർഷം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടിന്റെ ഭാഗമായി എവൺ എഗ്ഗർ നേഴ്സറി, വള്ളിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 1000 കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയിട്ടുണ്ട്. നേഴ്സറിയുടെ ലൈസൻസ് പുതുക്കി നൽകിക്കൊണ്ടുള്ള ഉത്തരവിൽ വളർത്തുന്ന കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം രേഖപ്പെടുത്താത്തതിനാൽ സുതാര്യത ഉറപ്പാക്കാനാവുന്നില്ല.

ആലപ്പുഴ ജില്ലയിലെ എഗ്ഗർ നേഴ്സറികളുടെ അംഗീകാരം പുതുക്കി നൽകികൊണ്ടുള്ള ജില്ലാമൃഗ സംരക്ഷണ ഓഫീസറുടെ ഉത്തരവുകൾ പരിശോധിച്ചതിൽ ആയതിൽ നേഴ്സറികളിൽ വളർത്താവുന്ന കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്നും വ്യക്തമായി. എഗ്ഗർ നേഴ്സറികളുടെ അംഗീകാരം പുതുക്കിക്കൊണ്ട് പത്തനംതിട്ട ജില്ലാ മൃഗസംരക്ഷണ ഓഫീസർ നൽകുന്ന ഉത്തരവിൽ നേഴ്സറികളുടെ ശേഷി രേഖപ്പെടുത്താത്തത് ഈ മേഖലയിൽ വലിയ ചൂഷണത്തിന് ഇടയാക്കുന്നുണ്ട്. ആയത് തുടർ നടപടികൾക്കായി തദ്ദേശ സ്വയം ഭരണ വകുപ്പിന്റേയും മൃഗ സംരക്ഷണ വകുപ്പിന്റേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-14 കുടുംബശ്രീ മിഷനിൽനിന്നും ലഭിച്ച കാർഷിക ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല

ഗ്രാമപഞ്ചായത്തിൽ കാർഷിക സഹായ കേന്ദ്രം ആരംഭിക്കുന്നതിനായി കുടുംബശ്രീ ജില്ലാ മിഷനിൽനിന്നും 2013-14വർഷം കാർഷിക യന്ത്രോപകരണങ്ങൾ ലഭിച്ചിരുന്നു. ഇപ്രകാരം ലഭിച്ച ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നതിനായി കാർഷിക സഹായകേന്ദ്രം ആരംഭിക്കുന്നതിനും കർഷകർക്ക് ന്യായമായ നിരക്കിൽ വാടകയ്ക്ക് നൽകി സി.ഡി.എസ്. ഫണ്ടിൽ മുതൽക്കൂട്ടുന്നതിനുമായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ നാളിതുവരെ ഇപ്രകാരമൊരു കാർഷിക സഹായ കേന്ദ്രം ആരംഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | വില |
|---|---|---|---|---|
| 1 | ഗാർഡൻ ടില്ലർ | 1 | 21428 | 21248 |
| 2 | പമ്പ് സെറ്റ് | 1 | 19047 | 19047 |
| 3 | സ്പ്രേയർ (9 ലിറ്റർ) | 1 | 4050 | 4050 |
| 4 | സ്പ്രേയർ (1 ലിറ്റർ) | 1 | 175 | 175 |
| 5 | മൺവെട്ടി | 1 | 380 | 380 |
| 6 | തെങ്ങു കയറ്റ യന്ത്രം | 1 | 2900 | 2900 |

| | | | | |
|---|---|---|---|---|
| | | | | 47980 |

ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് വളരെയേറെ പ്രയോജനപ്പെടുമായിരുന്ന ഈ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാതിരുന്നത് സി.ഡി.എസ്. അധികൃതരുടെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമാണ്. കുടുംബശ്രീ മിഷൻ വിഭാവനം ചെയ്തിരുന്നപോലെയുള്ള കാർഷിക സഹായ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 ടെക്നിക്കൽ അസിസ്റ്റന്റിന് ഓണറേറിയം- വികസന ഫണ്ട് വകമാറ്റി ചെലവഴിച്ചു

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 3/3/16ലെ സ.ഉ(സാധാ)നം.118/2016/ത.സ്വ.ഭ.വ ഉത്തരവ് അനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിൽ താത്ക്കാലികമായി ജോലി ചെയ്തുവരുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കാലാവധി 31/3/16 മുതൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ച് നൽകുന്നതിനും ടിയാളുകൾക്ക് തനത് ഫണ്ടിൽ നിന്നും ഓണറേറിയം നൽകുന്നതിനും നിർദ്ദേശിച്ചിരുന്നു. തനത് ഫണ്ടിൽ നിന്നും ഓണറേറിയം നൽകിയിരുന്ന ഗ്രാമപഞ്ചായത്ത് വികസന ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുകയും 148500 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിലേയ്ക്ക് റീക്കൂപ്പ് ചെയ്യുകയും ചെയ്തു. തനത്ഫണ്ടിൽ നിന്നും ഓണറേറിയം നൽകണമെന്ന സർക്കാർ ഉത്തരവിന് വിരുദ്ധമായി വികസന ഫണ്ട് ചെലവഴിച്ചത് ആധികൃതരുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. പരിഹാര വകയിരുത്തൽ നടത്തി അപാകത പരിഹരിക്കേണ്ടതാണ്. മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വികസന ഫണ്ട് ചെലവഴിക്കുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയാകുന്നതാണ് എന്ന വിവരവും ശ്രദ്ധയിൽ പ്പെടുത്തുന്നു

## 3-16 ആശുപത്രിക്ക് മരുന്നു വാങ്ങൽ : മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

2016-17വർഷം പി.എച്ച്.സിയ്ക്ക് മരുന്നു വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നടപ്പിലാക്കിയ പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംങ്ങൾ ചുവടെ ചേർക്കുന്നു.

*പി.എച്ച്.സിയ്ക്ക് മരുന്നു വാങ്ങൽ (പ്രോജക്ട് നം.S 0034/2017)*

പി.എച്ച്.സിയ്ക്ക് മരുന്നു വാങ്ങുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ ടി പ്രോജക്ട് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഇനത്തിൽ 200000രൂപ പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ഡി.ഡിയായി നൽകിയിട്ടുണ്ട് (ഡി.ഡി.നം.439284തീയതി 31.03.2016). പ്രസ്തുത സ്ഥാപനത്തിൽനിന്ന് നാളിതുവരെ 50000രൂപയ്ക്കുള്ള മരുന്നു മാത്രമാണ് ലഭ്യമായിട്ടുള്ളത്. ലഭിക്കാൻ അവശേഷിക്കുന്ന 150000/-രൂപയുടെ മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. 150000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-17 പാലിയേറ്റീവ് കെയർ - പദ്ധതിവിഹിതത്തിൽ നിന്നും പിൻവലിച്ച തുക പൂർണ്ണമായി ചെലവഴിച്ചില്ല

2016-17 ൽ പാലിയേറ്റീവ് കെയർ പദ്ധതിക്കുവേണ്ടി മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ 14-02-2017 ലെ പിആർഎഫ്-2495 നം പ്രോഫോർമ ഇൻവോയിസ് പ്രകാരം 50000 രൂപ ( 03/10.02.16 നമ്പർ ട്രഷറി ബിൽ, ആകെ ബിൽ തുക 514141) 682481/18-02-16 നം ഡി.ഡി. പ്രകാരം കെ.എം.എസ്.സി. എല്ലിന് കൈമാറിയിട്ടുണ്ട്. ഇതിൽ നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുവാൻ അധികൃതർ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-18 അംഗൻവാടികളുടെ അടിസ്ഥാനസൗകര്യ വികസനം വേണ്ടത്ര ശ്രദ്ധിക്കപ്പെടുന്നില്ല.

കവിയൂർ ഗ്രാമപഞ്ചായത്തിൽ 18 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 8 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അംഗൻവാടികൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണിത്. ഇതിൽ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ ഒരു അംഗൻവാടിയുടെ (നം.5) കെട്ടിടനിർമ്മാണം പാതി വഴിയിൽ ഉപേക്ഷിച്ച അവസ്ഥയിലാണ്. രണ്ട് അംഗൻവാടികൾക്ക് (നം 16,117)സ്വന്തമായി കെട്ടിടം പണിയുന്നതിന് സ്ഥലം ലഭിച്ചിട്ടുണ്ടെങ്കിലും കെട്ടിടം പണി ആരംഭിച്ചിട്ടില്ല. 7 അംഗൻവാടികൾക്ക് ചുറ്റുമതിൽ ഇല്ല. 3 അംഗൻവാടികളിൽ വൈദ്യുതി ലഭിച്ചിട്ടില്ല. വൈദ്യുതി ലഭിച്ച 15 അംഗൻവാടികളിൽ 3 എണ്ണത്തിൽ മാത്രമാണ് ഇലക്ട്രോണിക് ഉപകരണങ്ങൾ (കമ്പ്യൂട്ടർ) ഉള്ളത്. ഒറ്റ അംഗൻവാടിയിലും ബേബി ഫ്രണ്ട് ലി ടോയിലറ്റുകൾ ഇല്ല. 9 അംഗൻവാടികൾ കുടിവെള്ളത്തിന് പൈപ്പ് ലൈൻ സൗകര്യവും 6 അംഗൻവാടികൾക്ക് കിണർ ജലവും ലഭ്യമാണ്. 3 എണ്ണത്തിൽ സ്വന്തമായി കുടിവെള്ളം ലഭിക്കുന്നതിനുള്ള സൗകര്യമില്ല (നം

3,5,9). ഈ അംഗൻവാടികളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അംഗൻവാടി നം.5 ന്റ കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ശിശു വികസന പദ്ധതികളിൽ പ്രധാന പങ്ക് വഹിക്കുന്നവയാണ് അംഗൻവാടികൾ. അതുകൊണ്ടുതന്നെ എല്ലാ അംഗൻവാടികളിലെയും അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യത ഉറപ്പാക്കേണ്ടതാണ്.

## 3-19 ടി.എച്ച്.ആർ.എസ്. അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

പൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ രണ്ട് മാസത്തിൽ ഒരിക്കൽ ഫുഡ് ടെസ്റ്റ് ലാബിൽ ഗുണനിലവാര പരിശോധനക്ക് വിധേയമാക്കുവാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 18.02.2010-ലെ ഐ.സി.ഡി.എസ്.ബി.3-312/2010 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ 20 അങ്കണവാടികളിൽ 895038 രൂപയുടെ ന്യൂട്രിമിക്സ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം വിതരണം ചെയ്തിട്ടുള്ള ന്യൂട്രിമിക്സ് സാമ്പിളുകൾ ഗുണനിലവാര പരിശോധനക്ക് വിധേയമാക്കിയതിന്റെ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സർക്കുലറിൽ നിർദ്ദേശിച്ചതുപോലെ രണ്ട് മാസത്തിലൊരിക്കൽ വീതം സാമ്പിൾ ടെസ്റ്റ് നടത്തുന്നതിന് മേലിൽ നടപടി സ്വീകരിക്കേണ്ടതാണ്. പരിശോധനക്ക് വിധേയമാക്കുന്ന സാമ്പിളുകൾ തൃപ്തികരമായ ഗുണനിലവാരം പുലർത്തുന്നില്ലെന്ന് ലാബ് റിപ്പോർട്ടിൽ തെളിയുന്നപക്ഷം പ്രസ്തുത ബാച്ചിൽപ്പെട്ട ഭക്ഷ്യമിശ്രിതത്തിന്റെ വില അത് വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റിന് നൽകേണ്ടതില്ല എന്ന കാര്യവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-20 അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം പൂർണ്ണമായി ചെലവഴിക്കപ്പെടുന്നില്ല

2014-15 വർഷം അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായി തുക വകയിരുത്തിയതിൽ 5929 രൂപ അവശേഷിച്ചിരുന്നു. 2015-16, 2016-17വർഷങ്ങളിൽ മേൽപദ്ധതിക്കായി കേന്ദ്ര വിഹിതം ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും കണക്ക് ചുവടെ ചേർക്കുന്നു-

| വർഷം | കേന്ദ്ര വിഹിതം ലഭിച്ചത് | കേന്ദ്ര വിഹിതം ചെലവഴിച്ചത് | ബ്ലോക്ക വിഹിതം ലഭിച്ചത് | ബ്ലോക്ക വിഹിതം ചെലവഴിച്ചത് |
|---|---|---|---|---|
| 2015-16 | 178801 | 135026 | ഇല്ല | ഇല്ല |
| 2016-17 | 542224 | 320967 | ഇല്ല | ഇല്ല |
| ആകെ | 721025 | 455993 | | |

31.3.17 വരെ പ്രസ്തുത ഇനത്തിൽ ആകെ 270961/- രൂപ അവശേഷിക്കുന്നുണ്ട്. ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് സൂക്ഷിക്കുന്നത്. ആയതിനാൽ ഇത് വകമാറ്റി ചെലവഴിക്കപ്പെടാൻ സാദ്ധ്യതയുണ്ട്. തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 03.09.2010 ലെ സ.ഉ.നം.39033/ഡി.സി.2/2010 നം ഉത്തരവ് പ്രകാരം പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്ര വിഹിതം ഉപയോഗിച്ച് അംഗൻവാടി കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ നടത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-21 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - കരാറുകാരിൽ നിന്നും വാറ്റ് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2016-17വർഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 4 പദ്ധതികൾക്ക് ടെണ്ടർ ക്ഷണിച്ചതിൽ 2 പദ്ധതികളാണ് നടപ്പിലാക്കിയത്. അതിൽ താഴെ പറയും പ്രകാരം മെറ്റീരിയൽസ് ഉപയോഗിച്ചിരുന്നുവെങ്കിലും കരാറുകാരനിൽ നിന്നും നികുതി ഈടാക്കാതെയാണ് തുക അനുവദിച്ചത്. 2003 ലെ വാറ്റ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് നികുതി കോമ്പൗണ്ട് ചെയ്യാത്ത കരാറുകാർ വിവിധ സാധനസാമഗ്രികൾ സപ്ലൈ ചെയ്യുമ്പോൾ അതാതു കാലയളവിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ വാറ്റ് അടയ്ക്കുവാൻ / ഈടാക്കുവാൻ ബാധ്യസ്ഥരാണ്.

| പ്രോജക്റ്റ് | കരാറുകാരന്റെ പേര് | ഉപയോഗിച്ച മെറ്റീരിയൽസ് | അളവ്,നിരക്ക് | തുക |
|---|---|---|---|---|
| തെക്കേപ്പടി മുതൽ പള്ളിപ്പടി വരെ മൺറോഡ് കോൺക്രീറ്റിംഗ് | സുകുമാരൻ ഐ.ജി (എസ്റ്റിമേറ്റ് നിരക്ക്) | 40 mm metal | 17.1704$m^3$ | 25583.896 |

| | | | | |
|---|---|---|---|---|
| (122, 123/2016-17) | | | @ 1490/$m^3$ | |
| | | 20 mm metal | 15.19$m^3$ @ 1550/$m^3$ | 23544.5 |
| | | 10 mm metal | 2.906$m^3$ @ 1550/$m^3$ | 4504.30 |
| | | M sand | 18.355$m^3$ @ 2500/$m^3$ | 45887.5 |
| | | cement | 8717.28 @ 7.88/kg | 68692.164 |
| | | ആകെ | | 168212.36 |
| മട്ടക്കോലിപ്പടി പൊഴിവേലിപ്പടി മൺറോഡ് കോൺക്രീറ്റിംഗ് (എം ബുക്ക് നം.113, 114/16-17) | പ്രകാശ് .ആർ (എസ്റ്റിമേറ്റ് നിരക്ക്) | 40mm metal | 10.582$m^3$ @1490/$m^3$ | 15767.18 |
| | | 20 mm metal | 9.361$m^3$ @1550/$m^3$ | 14509.55 |
| | | 10 mm metal | 1.7908$m^3$ @1550/$m^3$ | 2775.74 |
| | | M sand | 11.2739$m^3$ @2500/$m^3$ | 28184.75 |
| | | cement | 5372.4kg @7.88/kg | 42334.512 |
| | | ആകെ | | 103571.732 |
| വാര്യത്ത് പടി മഠത്തിക്കാലായിൽ മൺറോഡ് കോൺക്രീറ്റിംഗ് എം ബുക്ക് നം.119/16-17 | സജു എബി മാത്യൂ (എസ്റ്റിമേറ്റ് നിരക്ക്) | 40 mm metal | 19.50$m^3$ @1490/$m^3$ | 29055 |
| | | 20 mm metal | 17.25$m^3$ @1550/$m^3$ | 26737.5 |
| | | 10 mm metal | 3.30$m^3$ @1550/$m^3$ | 5115 |
| | | M sand | 20.775$m^3$ @2500/$m^3$ | 51937.5 |
| | | cement | 9900kg @7.88/kg | 78012 |
| | | ആകെ | | 190857 |

സാധനങ്ങളുടെ ബില്ല് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. കരാറുകാരൻ മെറ്റീരിയൽസ് സപ്ലൈക്കായി വാണിജ്യ നികുതി വകുപ്പിൽ നികുതി കോമ്പൗണ്ട് ചെയ്തതിന്റെ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ടി വ്യക്തികളിൽ നിന്നും 14.5% നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 75000 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 57470 | 17530 |
| ബ്ലോക്ക് പഞ്ചായത്ത് | 591928 | അംഗൻവാടി പോഷകാഹാരം | 320967 | 270961 |
| ജില്ലാ പഞ്ചായത്ത് | 141600 | നെൽകൃഷി ഉഴവ് കൂലി | 141600 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |

ധനകാര്യവകുപ്പിന്റെ 23.02.2017-ലെ ജി.ഒ(പി) 07/2017 നം. ഉത്തരവ് പ്രകാരം സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകയിൽ സാമ്പത്തിക വർഷാവസാനം ചെലവഴിക്കാൻ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| KSEB | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റുന്നതിന് | 21600426 | 9393 | 9393 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല |
| KSEB | ഇലക്ട്രിക്കൽ ലൈൻ എക്സ്റ്റൻഷൻ | 21600813 | 483274 | 0 | |
| KSEB | ഇലക്ട്രിക്കൽ ലൈൻ എക്സ്റ്റൻഷൻ | 21600814 | 76031 | 0 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ / വിനിയോഗം / വീഴ്ചകൾ എന്നിവയുടെ വിവരം

ഇല്ല

(ii) വായ്പ തിരിച്ചടവിന്റെ വിവരം

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽനിന്നും 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | *സമാഹൃത റിപ്പോർട്ട് വർഷം* | *ഖണ്ഡിക* | *വിഷയം* | *ഇപ്പോഴത്തെ അവസ്ഥ* |
|---|---|---|---|---|---|
| 1999 -2000 ഖണ്ഡിക. 17 | തയ്യൽ മെഷീൻ വാങ്ങി വിതരണം ചെയ്യുന്ന പദ്ധതി-ക്രമക്കേടുകൾ | 2002-03 | VII 3.6(i) | തയ്യൽ മെഷീൻ വാങ്ങി വിതരണം ചെയ്യുന്ന പദ്ധതി-ക്രമക്കേടുകൾ | LFAC(2011-14) 16 ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| 1999-2000 ഖണ്ഡിക. 38 | പെരുമ്പെട്ടി തോട്ടുമുഖത്ത് പമ്പ് ഹൗസ് നിർമ്മിക്കുന്ന പദ്ധതിയിൽ ഗുരുതരമായ ക്രമക്കേടുകൾ | 2002-03 | VII 3.6(ii) | പെരുമ്പെട്ടി തോട്ടുമുഖത്ത് പമ്പ് ഹൗസ് നിർമ്മിക്കുന്ന പദ്ധതിയിൽ ഗുരുതരമായ ക്രമക്കേടുകൾ | LFAC(2011-14) 16 ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| 1999-2000 ഖണ്ഡിക. 42,51 | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ കൺവീനർമാർ പണി നടത്താത്തത് സംബന്ധിച്ച് | 2002-03 | VII 3.6(iii) | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ കൺവീനർമാർ പണി നടത്താത്തത് സംബന്ധിച്ച് | LFAC(2011-14) 16 ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| 1999-2000 ഖണ്ഡിക. 49 | മണ്ണേറ്റുപടി പാറപ്പുഴ കടവ് റോഡ് പദ്ധതിനടത്തിപ്പിലെ അപാകതകൾ | 2002-03 | VII 3.6(iv) | മണ്ണേറ്റുപടി പാറപ്പുഴ കടവ് റോഡ് പദ്ധതി നടത്തിപ്പിലെ അപാകതകൾ | LFAC(2011-14) 16 ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 31922828 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 29047892 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 36982 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 346271 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 (ബി) | 21120 | ശ്രീ. ബി. റഫീക്ക്, സെക്രട്ടറി |

| | | |
|---|---|---|
| 3-1 (സി ) | 4521 | ശ്രീ. ബി. റഫീക്ക്, സെക്രട്ടറി |
| 3-1(ഡി) | 3924 | ശ്രീ. ബി. റഫീക്ക്, സെക്രട്ടറി |
| 3-1 (ഇ) | 3838 | ശ്രീ. ബി. റഫീക്ക്, സെക്രട്ടറി |
| 3-2 | 979 | ശ്രീ. ബി. റഫീക്ക്, സെക്രട്ടറി |
| 3-11 | 2600 | ശ്രീ. പി.റ്റി. ചെല്ലപ്പൻ, അസിസ്റ്റന്റ് സെക്രട്ടറി |
| | 36982 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 (എ) | 129566 | ശ്രീ. ബി. റഫീക്ക്, സെക്രട്ടറി |
| 3-8 | 16705 | ശ്രീ.എസ്. ദിലീപ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-16 | 200000 | ഡോ. ഇന്ദു ഫിലിപ്പ്, എം.ഒ, പി.എച്ച്.സി |
| | 346271 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 2-9 | 1924 (വാറ്റ്) |
| 3-5 | 25708 (സേവനനികുതി) |
| 3-6 (2) | 2855 (വാറ്റ്)<br>714 (ആദായ നികുതി)<br>714(തൊഴിലാളി ക്ഷേമനിധി വിഹിതം) |
| ആകെ | 31915 |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബി. റഫീക്ക്, സെക്രട്ടറി | സെക്രട്ടറി, ആനയറ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം | അൽഫാഗർ,<br>ഗുരുകലം നഗർ- 101<br>പേരൂർക്കട, |

| | | |
|---|---|---|
| | | തിരുവനന്തപുരം |
| ശ്രീ. പി.റ്റി. ചെല്ലപ്പൻ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കവിയൂർ ഗ്രാമപഞ്ചായത്ത് | പുളിച്ചമക്കൽ ഹൗസ്, ചെങ്ങന്നൂർ പി.ഒ. മല്ലപ്പള്ളി |
| ഡോ. ഇന്ദു ഫിലിപ്പ്, എം.ഒ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. കവിയൂർ | കുടിലിൽ വീട്, പെരുംതുരുത്തി പി.ഒ. തിരുവല്ല |
| ശ്രീ.എസ്. ദിലീപ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് | ചീരാൻതോട്, പാലിയക്കര പി.ഒ. തിരുവല്ല. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| *ഓഡിറ്റ് വർഷം* | *ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം* | തീർപ്പാക്കാൻ അവശേഷിക്കുന്നവ |
|---|---|---|
| 1997-98 | എൽ.എഫ്.പി.റ്റി.എ/ പി2 /20/2000തീയതി 19.09.2000<br>എൽ.എഫ്.പി.റ്റി.എ/ പി2 /314/1999തീയതി 12.04.2000<br>എൽ.എഫ്.പി.റ്റി.എ/ പി3 /396/98തീയതി 3.8.2009 | 2<br>3<br>1 |
| 1998-99 | എൽ.എഫ്.പി.റ്റി.എ/ പി4/874 /2004തീയതി 11.05.2005<br>എൽ.എഫ്.പി.റ്റി.എ/ പി4 /567/99തീയതി 07.01.2001 | 6<br>1 |
| 1999-00 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ /പി4/878/04 തീയതി 05.07.2005 | 2 |
| 1999-00 (ജ.ആ) | എൽ.എഫ്.പി.റ്റി.എ/പി2 /97/01 തീയതി 04.02.2002 | 12 |
| 2000-01 | എൽ.എഫ്.പി.റ്റി.എ/പി.4 /680/03 തീയതി 01.04.2004 | 5 |
| 2001-02 (DCB & FINAL) | എൽ.എഫ്.പി.റ്റി.എ പി4/342/05 തീയതി 9.12.2005 | 2 |
| 2002-03 | എൽ.എഫ്.പി.റ്റി.എ പി5/189/06 തീയതി 6.10.2006 | 13 |
| 2003-04 | എൽ.എഫ്.പി.റ്റി.എ പി.8/536 /2006/തീയതി 12.02.2008 | 3 |
| 2004-05 | എൽ.എഫ്.പി.റ്റി.എ /പി5/1133/07 തീയതി 03.04.2008 | 10 |
| 2005-06 | എൽ.എഫ്.പി.റ്റി.എ /പി/7/769/11 തീയതി 8.12.2001 | 6 |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.പി.റ്റി.എ /പി7/770/11 തീയതി 8.12.2011 | 10 |
| 2007-08 മുതൽ 09-10 വരെ | എൽ.എഫ്.പി.റ്റി.എ /പി6/420/2011 തീയതി 10.09.2013 | |
| 2010-11& 11-12 | എൽ.എഫ്.പി.റ്റി.എ / പി/ 7/992/13 തീയതി 05.02.2014 | |
| 2012-13 | എൽ.എഫ്.പി.റ്റി.എ / പി/7/954/14 തീയതി 23.12.2014 | |
| 2013-14 | എൽ.എഫ്.പി.റ്റി.എ / പി/7/348/2015 തീയതി 28.07.2015 | |
| 2014-15 | കെ.എസ്.എ.പി.റ്റി.എ പി.7-680/2016 തീയതി 21.06.2016 | |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി.7-680/2017 തീയതി 21.06.2016 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബിബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure

# AUDIT CERTIFICATE

No.K.S.A.PTAP7/1113 /2017 Dated : 13.10.2017

Certified that I have examined the Annual Financial Statement of Kaviyoor Grama Panchayat in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kaviyoor Grama Panchayat for the year 2016-17 except the obeservations in the para.1-3 of my report, properly presents the picture of income and expenditure.

HABEEB MOHAMMED

Deputy Director

Kerala State Audit Department

Pathanamthitta

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി7/1113/2017 തീയതി : 13.10.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-3-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട